18
2021
സെപ്റ്റംബർ
ശനി
1197
കന്നി 2

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 153 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-153 പേജ് 4. വില 2.00 രൂപ




02 മന്ത്രിമാരുടെ പരിശീലനം 20 മുതൽ; മൂന്നു ദിവസങ്ങളിലായി 10 സെഷനുകൾ

03 മലിനീകരണം കുറയ്ക്കാൻ രാജ്യാന്തര മാനദണ്ഡങ്ങൾ സ്വീകരിക്കും മന്ത്രി പി. രാജീവ്

04 വീണ്ടും ദുരഭിമാനക്കൊല: ഒളിച്ചോടിയ കമിതാക്കളെ കൊന്ന് രണ്ടു സംസ്ഥാനങ്ങളിൽ ഉപേക്ഷിച്ചു

# പുനർഗേഹത്തിന്റെ തണലിൽ തീരദേശം



തീരമേഖലയിലെ മത്സ്യതൊഴിലാളി കുടുംബങ്ങളുടെ സുരക്ഷിത പുനരധിവാസം ലക്ഷ്യമാക്കി സംസ്ഥാന സർക്കാർ ഫിഷറീസ് വകുപ്പ് വഴി നടപ്പിലാക്കിയ പുനർഗേഹം പദ്ധതിയിലൂടെ ജില്ലയിൽ പാർപ്പിടത്തിന്റെ കരുതലിൽ 53 കുടുംബങ്ങൾ.പുനർഗേഹം പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി നിർവഹിച്ചു.

മത്സ്യത്തൊഴിലാളികളുടെ സുരക്ഷിത ജീവിതത്തിന് കൈത്താങ്ങാണ് പുനർഗേഹം പദ്ധതിയെന്ന് മുഖ്യമന്ത്രി പറഞ്ഞു. കാലാവസ്ഥാവ്യതിയാനവും പ്രകൃതി ദുരന്തങ്ങളും തീരമേഖലയിലുള്ളവരുടെ ജീവനും ജീവനോപാധിയും നശിക്കുന്ന സാഹചര്യമാണ് പുനർഗേഹം പദ്ധതി ആവിഷ്കരിക്കുന്നതിന് സർക്കാരിന് പ്രേരണയായത്. കൊല്ലം ജില്ലയിലെ ക്യു എസ് എസ് കോളനിയിൽ നിർമ്മാണം പൂർത്തീകരിച്ച ഫ്ലാറ്റുകൾ ഡിസംബർ അവസാനത്തോടെ ഗുണഭോക്താക്കൾക്ക് കൈമാറും. മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

ഫിഷറീസ് വകുപ്പ് മന്ത്രി സജി ചെറിയാൻ അധ്യക്ഷനായി. പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനവും ചവറ നിയോജക മണ്ഡലത്തിലെ 16 ഗുണഭോക്താക്കൾക്ക് പൂർത്തിയായ വീടുകളുടെ താക്കോൽ ദാനവും ചവറ പരിമണം ശ്രീശക്തി നായർ കരയോഗം ഓഡിറ്റോറിയത്തിൽ മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ.ചിഞ്ചു റാണി നിർവഹിച്ചു. നീണ്ടകര വടക്കേതോപ്പിൽ മേരി ലൂസിയ മന്ത്രിയിൽ നിന്ന് താക്കോൽ ഏറ്റുവാങ്ങി. ചവറ എംഎൽഎ സുജിത്ത് വിജയൻ പിള്ള അധ്യക്ഷനും എം പി എൻ കെ പ്രേമചന്ദ്രൻ മുഖ്യാതിഥിയുമായി. എല്ലാവർക്കും പാർപ്പിടം എന്ന സർക്കാരിന്റെ സ്വപ്നമാണ് പുനർഗേഹം പദ്ധതി യിലൂടെയും സാക്ഷാത്കരിക്കപ്പെടുന്നതെന്ന് മന്ത്രി ജെ.ചിഞ്ചു റാണി പറഞ്ഞു. പ്രകൃതി ക്ഷോഭങ്ങളിൽ നിന്ന് മത്സ്യത്തൊഴിലാളികളുടെ ശാശ്വത രക്ഷയാണ് പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. മന്ത്രി കൂട്ടിച്ചേർത്തു. സംസ്ഥാന സർക്കാരിന്റെ നൂറുദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പൂർത്തീകരിച്ച വീടുകളുടെ താക്കോൽ ദാനവും ഗൃഹപ്രവേശനവും നടന്നത്. സംസ്ഥാനത്തൊട്ടാകെ 308 വീടുകളും 303 ഫ്ലാറ്റുകളും ആണ് ഇത്തരത്തിൽ പൂർത്തിയായപ്പോൾ ജില്ലയിലെ അഞ്ച് നിയോജക മണ്ഡലങ്ങളിലായി 53 പേർക്കാണ് ആദ്യഘട്ടത്തിൽ വീടുകൾ ലഭിച്ചത്. 2450 കോടി രൂപയാണ് പദ്ധതി അടങ്കൽ തുക. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 1398 കോടി രൂപയും ഫിഷറീസ് വകുപ്പിന്റെ ബജറ്റ് വിഹിതത്തിൽ നിന്ന് 1052 കോടി രൂപയുമാണ് വിനിയോഗിക്കുന്നത്. ജില്ലയിൽ ഇതുവരെ പദ്ധതിക്കായി ആകെ വിനിയോഗിച്ചത് 12.13 കോടി രൂപയാണ്. വീടും വസ്തുവും വാങ്ങുന്നതിന് പരമാവധി പത്ത് ലക്ഷം രൂപയും വസ്തു കണ്ടെത്താൻ കഴിയാത്ത കുടുംബങ്ങൾക്ക് സർക്കാർ നിർമ്മിത ഫ്ലാറ്റുമാണ് പദ്ധതിയിലൂടെ നൽകുന്നത്. മത്സ്യഫെഡ് ചെയർമാൻ റ്റി.മനോഹരൻ, നീണ്ടകര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി. ആർ രജിത്ത്, ജില്ലാ പഞ്ചായത്ത് മെമ്പർ അഡ്വ സി. പി സുധീഷ് കുമാർ, ചവറ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ജോയ് ആന്റണി, നീണ്ടകര ഗ്രാമ പഞ്ചായത്ത് മെമ്പർമാരായ എസ് സേതുലക്ഷ്മി, ശരത് കുമാർ, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ കെ സുഹൈർ മറ്റ് ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.



# കുടുംബശുശ്രൂഷ വിവിധ കാരുണ്യപദ്ധതികളുടെ ധനസഹായം വിതരണം ചെയ്തു

തിരുവനന്തപുരം: കുടുംബങ്ങളുടെ വീണ്ടെടുപ്പും കരുണയുടെ അജപാലനവും മുഖമുദ്രയാക്കി പ്രവർത്തിക്കുന്ന തിരുവനന്തപുരം ലത്തീൻ അതിരൂപതയിലെ കുടുംബപ്രേഷിത ശുശ്രൂഷ 30 നിർദ്ധനരായ കുടുംബങ്ങളിലെ പെൺമക്കളുടെ വിവാഹ സഹായവും, 20 നിരാലംബരായ വ്യക്തികളെ കരുണാമയൻ പെൻഷൻ പദ്ധതിയിലും ഉൾപ്പെടുത്തി ധനസഹായം നൽകി. സെപ്തംബർ 17 വെള്ളിയാഴ്ച വെള്ളയമ്പലം വി. ജിയാന്ന ഹാളിൽ വച്ച് കുടുംബശുശ്രൂഷ ഡയറക്ടർ ഫാ. ഡോ. എ ആർ ജോൺ അദ്ധ്യക്ഷം വഹിച്ച് നടന്ന ചടങ്ങിൽ അതിരൂപത സഹായ മെത്രാൻ അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ് ഉദ്ഘാടനം ചെയ്തുകൊണ്ട് സഹായധനം വിതരണം ചെയ്തു. പ്രസ്തുത ചടങ്ങിൽ കുടുംബശുശ്രൂഷ അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജെനിസ്റ്റൻ സ്വാഗതവും, അതിരൂപത പ്രോലൈഫ് സമിതി കൺവീനർ ശ്രീ. ബിജു ഫ്രാങ്ക്ളിൻ കൃതജ്ഞതയും അർപ്പിച്ചു. കുടുംബപ്രേഷിത ശുശ്രൂഷ ഇതുവരെ സാന്ത്വനം മംഗല്യം പദ്ധതിവഴി 380 വിവാഹങ്ങൾക്ക് 1,76,10,000.00 രൂപയും, കരുണാമയൻ പദ്ധതിവഴി 95,19,000.00 രൂപ പെൻഷനായും, 53 പേർക്ക് ഹീലിംഗ് ഹാൻഡ് പദ്ധതിവഴി ചികിത്സാ സഹായമായി 6,02000.00 രൂപയും, രോഗികൾക്കും / കോവിഡ് ബാധിതർക്കും / കടലാക്രമണത്തിന് ഇരയായവർക്കുമായി 12,08000.00 രൂപയുൾപ്പെടെ ആകെ 2,89,39,000.00 രൂപയുടെ ധനസാഹായം വിതരണം ചെയ്തിട്ടുണ്ട്. കരുണയുടെ ഈ മഹനീയ സത്കർമ്മങ്ങൾ യാഥാർത്ഥ്യമാക്കാൻ ധനത്താലും, പ്രാർത്ഥനയാലും, സേവനത്താലും നിലകൊള്ളു സുമനസ്സുകൾക്ക് അതിരൂപതയ്ക്ക് വേണ്ടി അഭിവന്ദ്യ ക്രിസ്തുദാസ് പിതാവും കുടുംബശുശ്രൂഷയ്ക്ക് വേണ്ടി ഡയറക്ടർ ഫാ. ഡോ. എ ആർ ജോണും നന്ദിയും പ്രാർത്ഥനാശംസകളും നേർന്നു.

# വാതിൽപടി സേവന പദ്ധതി ഡിസംബറിൽ സംസ്ഥാന വ്യാപകമായി നടപ്പാക്കും:മുഖ്യമന്ത്രി



സേവനം വീട്ടുപടിക്കലെത്തുന്ന വാതിൽപ്പടി സേവന പദ്ധതി ഡിസംബറിൽ സംസ്ഥാന വ്യാപകമായി നടപ്പാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. വാതിൽപ്പടി സേവന പദ്ധതിക്ക് തുടക്കം കുറിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. തുടക്കത്തിൽ 50 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് പദ്ധതി നടപ്പാക്കുന്നത്.

പ്രായാധിക്യം മൂലം അവശത അനുഭവിക്കുന്നവർ, ചലന പരിമിതിയുള്ളവർ, ഭിന്നശേഷിക്കാർ, കിടപ്പ് രോഗികൾ എന്നിവരാണ് പദ്ധതിയുടെ പ്രധാന ഗുണഭോക്താക്കൾ. ഇവക്കെല്ലാം ഒരു കാർഡ് നൽകും. ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര്, വാർഡ് നമ്പർ, വാർഡ് മെമ്പർ, ആശാ വർക്കർ, കുടുംബശ്രീ പ്രവർത്തക, സന്നദ്ധപ്രവർത്തകർ എന്നിവരുടെയെല്ലാം പേരും ഫോൺ നമ്പരുമുണ്ടാവും. സേവനം ആവശ്യമായി വരുമ്പോൾ ഇവരെ ഫോണിൽ വിളിച്ച് സഹായം തേടാം.

സേവനങ്ങൾക്കായി ജനങ്ങൾ സർക്കാർ ഓഫീസുകൾ കയറിയിറങ്ങുന്ന സാഹചര്യം ഉണ്ടായിക്കൂട.

ഇത് ഒഴിവാക്കാനുള്ള ആദ്യ പടിയാണ് വാതിൽപ്പടി സേവന പദ്ധതിയെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഡിസംബറിൽ പദ്ധതി സംസ്ഥാനതലത്തിൽ വ്യാപിപ്പിക്കുമ്പോൾ ഇതുമായി ബന്ധപ്പെട്ട എല്ലാവർക്കും പരിശീലനം നൽകും. ഇതിനായി സമഗ്ര പരിശീലന പരിപാടി തയ്യാറാക്കുന്നുണ്ട്. ആശാവർക്കർമാരാണ് പദ്ധതിയുടെ നെടുംതൂൺ. പദ്ധതിയുടെ നടത്തിപ്പിൽ സുപ്രധാന ഇടപെടൽ നടത്തേണ്ടതും വഴികാട്ടിയാകേണ്ടതും അവരാണ്. ഒപ്പം അംഗൻവാടി, കുടുംബശ്രീ പ്രവർത്തകർ, വാർഡ് അംഗങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പ്രഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹ്യ സന്നദ്ധസേന പ്രവർത്തകർ എന്നിങ്ങനെ ജനങ്ങളുമായി അധികം ഇടപഴകുന്ന ആളുകളുടെയും സ്ഥാപനങ്ങളുടെയും കൂട്ടായ പ്രവർത്തനം പദ്ധതിയുടെ വിജയത്തിന് ഒഴിച്ചുകൂടാനാവാത്തതാണ്.

ആദ്യ ഘട്ടത്തിൽ ലൈഫ് സർട്ടിഫിക്കറ്റ്, മസ്റ്ററിങ്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള അപേക്ഷ, ജീവൻരക്ഷാ മരുന്നുകൾ, സാമൂഹ്യ സുരക്ഷാ പെൻഷൻ തുടങ്ങിയ സേവനങ്ങളാണ് വാതിൽപ്പടിയിൽ ലഭിക്കുക. ക്രമേണ എല്ലാ സേവനങ്ങളും ഇതിന്റെ ഭാഗമാക്കും. അഴീക്കോട്, പട്ടാമ്പി, കാട്ടക്കട, ചങ്ങനാശേരി മണ്ഡലങ്ങളിലെ 26 ഉം മറ്റു 24ലും തദ്ദേശസ്ഥാപനങ്ങളിലാണ് ആദ്യ ഘട്ടത്തിൽ പദ്ധതി നടപ്പാകുന്നത്.

കോവിഡിന്റെ ഘട്ടത്തിൽ നാം ഓൺലൈൻ സേവനങ്ങളെയാണ് പ്രധാനമായും ആശ്രയിക്കുന്നത്.

സർക്കാർ സേവനങ്ങൾ മിക്കതും ഓൺലൈനിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സേവനകേന്ദ്രങ്ങളും അക്ഷയ കേന്ദ്രങ്ങളും ശക്തിപ്പെടുത്തും.

എല്ലാ വീടുകളിലും ലാപ്ടോപ്പും ഇന്റർനെറ്റും എത്തുന്നതോടെ സർക്കാർ സേവനം ജനങ്ങളുടെ വിരൽത്തുമ്പിൽ ലഭിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

## സർവിളിയും സല്യൂട്ടും വേണ്ട: ഡിജിപിക്ക് കത്തയച്ച് ടി.എൻ.പ്രതാപൻ എംപി

തൃശൂർ: സല്യൂട്ട് കൊണ്ടുള്ള അഭിവാദ്യവും സർ വിളിയും വേണ്ടെന്നു വ്യക്തമാക്കി ടി.എൻ. പ്രതാപൻ എംപി ചീഫ് സെക്രട്ടറിക്കും ഡിജിപിക്കും കത്തു നൽകി. സുരേഷ് ഗോപി എംപിയുമായി ബന്ധപ്പെട്ട് കഴിഞ്ഞ ദിവസം ഉണ്ടായ സല്യൂട്ട് വിവാദമാണ് ഇത്തരത്തിൽ കത്തെഴുതാൻ പ്രേരിപ്പിച്ചതെന്നു ടി.എൻ. പ്രതാപൻ പറഞ്ഞു.

കേരളത്തിലെ ഒരു പോലീസ് ഉദ്യോഗസ്ഥനും എനിക്കു സല്യൂട്ട് ചെയ്തുകൊണ്ട് അഭിവാദ്യം അറിയിക്കുന്ന രീതി ഉണ്ടാകരുതെന്ന് ആഗ്രഹിക്കുകയാണ്. അതുപോലെ പോലീസ് ഉദ്യോഗസ്ഥരും സിവിൽ സർവീസുകാരും മറ്റു സർക്കാർ ഉദ്യോഗസ്ഥരും എന്നെ സാർ എന്ന് അഭിവാദ്യം ചെയ്യുന്നതും ഒഴിവാക്കണമെന്ന് താൽപര്യപ്പെടുന്നു. ഇതാണ് കത്തിൽ വ്യക്തമാക്കിയിരിക്കുന്നത്.

# സംസ്ഥാനത്ത് കോളജുകൾ തുറക്കുന്നു, ഒക്ടോബർ നാല് മുതൽ ക്ലാസ്

തിരുവനന്തപുരം: കോവിഡ് വ്യാപനത്തിൻറെ പശ്ചാത്തലത്തിൽ അടച്ചിട്ട കോളജുകൾ തുറക്കുന്നു. സംസ്ഥാനത്ത് കോളജുകൾ തുറക്കാൻ ഉത്തരവായി. കോളജുകളും ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളും അടുത്തമാസം നാലിന് തുറക്കും.

സമയം കോളജുകൾക്ക് തീരുമാനിക്കാം. അവസാന വർഷ ഡിഗ്രി, പിജി ക്ലാസുകളാണ് തുടങ്ങുന്നത്. ബിരുദാനന്തര ബിരുദത്തിന് മുഴുവൻ ദിവസവും ക്ലാസ് നടക്കും. മുഴുവൻ കുട്ടികൾക്കും ക്ലാസിൽ പ്രവേശിക്കാം.

ബിരുദം അവസാന വർഷ വിദ്യാർഥികൾക്ക് ഒന്നിടവിട്ട ദിവസങ്ങളിലാകും ക്ലാസ്. ഒരു ദിവസം പകുതി വിദ്യാർഥികൾക്ക് ക്ലാസിൽ പ്രവേശിക്കാം. സ!യൻസിൽ പ്രക്ടിക്കൽ ക്ലാസുകൾക്ക് ആണ് പ്രധാന്യം നൽകുന്നത്.

# പ്ലസ് വൺ പരീക്ഷയ്ക്കായി പുതുക്കിയ പരീക്ഷാക്രമം തയാറാക്കും: ശിവൻകുട്ടി



തിരുവനന്തപുരം: പ്ലസ് വൺ പരീക്ഷയ്ക്കായി പുതിയ സമയക്രമം തയാറാക്കുമെന്ന് വിദ്യാഭ്യാസമന്ത്രി വി.ശിവൻകുട്ടി. പരീക്ഷ നടത്താൻ സുപ്രീംകോടതി അനുമതി നൽകിയതിന് പിന്നാലെയായിരുന്നു മന്ത്രിയുടെ പ്രതികരണം.

കോവിഡ് മാനദണ്ഡങ്ങൾ പൂർണമായും പാലിച്ചാകും പരീക്ഷകൾ നടത്തുക. എല്ലാ സ്കൂളുകളിൽ അണുനശീകരണം നടത്തും. ചോദ്യപ്പേപ്പർ നേരത്തെ തന്നെ സ്കൂളിൽ എത്തിച്ചിട്ടുണ്ട്. ഇതിന് സുരക്ഷയും ഏർപ്പെടുത്തിയിട്ടുണ്ട്. വിദ്യാർഥികൾ ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നും ഒരു ബുദ്ധിമുട്ടും ഉണ്ടാകാത്ത വിധം പരീക്ഷകൾ നടത്തുമെന്നും മന്ത്രി വ്യക്തമാക്കി.

പരീക്ഷ നടത്തുന്നതിനെതിരേ ചെറുവിഭാഗം നവമാധ്യമങ്ങൾ വഴി പ്രചരണം നടത്തുന്നുണ്ട്. അവരും സർക്കാരിൻറെ നടപടിയോട് സഹകരിക്കാൻ തയാറാകണം. പരീക്ഷ എഴുതാൻ തയാറായിരിക്കുന്ന കുട്ടികളെ നിരുത്സാഹപ്പെടുത്തരുത്. സ്കൂൾ തുറക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ മുഖ്യമന്ത്രിയോടു കൂടി ആലോചിച്ച് തീരുമാനിക്കും. ഇതിനായി മികച്ച മുന്നൊരുക്കങ്ങൾ നടത്തേണ്ടതുണ്ടെന്നും വി.ശിവൻകുട്ടി വ്യക്തമാക്കി.

# പെട്രോളിയം ഉൽപ്പന്നങ്ങളെ ജിഎസ്ടിയിൽ പെടുത്തിയില്ല

ന്യൂഡൽഹി: റോക്കറ്റുപോലെ കുതിച്ചുയരുന്ന ഇന്ധനവിലയ്ക്കു ജിഎസ്ടി മൂക്കുകയറിടുമെന്ന പ്രതീക്ഷയും അസ്ഥാനത്തായി. പെട്രോളിയം ഉൽപ്പന്നങ്ങളെ ജിഎസ്ടി പരിധിയിൽ ഉൾപ്പെടുത്തുന്നതിൽ തീരുമാനമായില്ല.

വെള്ളിയാഴ്ച നടന്ന ജിഎസ്ടി കൗൺസിൽ യോഗത്തിൽ സംസ്ഥാനങ്ങൾ ഒറ്റക്കെട്ടായി നിർദേശത്തെ എതിർത്തു. ഇതോടെ വിഷയം പിന്നീട് പരിഗണിക്കാനായി മാറ്റി. വിഷയം ച!ർച്ച ചെയ്യാനുള്ള സമയമായില്ലെന്ന വിലയിരുത്തലോടെയാണ് മാറ്റിവച്ചത്.

പെട്രോളിയം ഉൽപ്പന്നങ്ങളെ ജിഎസ്ടിയിൽ ഉൾപ്പെടുത്തിയാൽ സംസ്ഥാനങ്ങളുടെ നികുതി വരുമാനത്തിൽ വലിയ നഷ്ടമാകും ഉണ്ടാകുക. ഇത് കണക്കിലെടുത്ത് സംസ്ഥാനങ്ങൾ ഒറ്റക്കെട്ടായി നിർദേശത്തെ എതിർക്കുകയായിരുന്നു.

വെളിച്ചെണ്ണയുടെ ജിഎസ്ടി നിരക്ക് ഉയർത്താനുള്ള നിർദേശവും വിശദമായ പഠനത്തിനായി മാറ്റിവച്ചു. ഒരു ലിറ്റർ താഴെയുള്ള വെളിച്ചെണ്ണയ്ക്ക് 18 ശതമാനം ജിഎസ്ടി ചുമത്തണം എന്നായിരുന്നു ശിപാർശ. നിലവിൽ അഞ്ച് ശതമാനമാണ് വെളിച്ചെണ്ണയുടെ ജിഎസ്ടി.



കണ്ണനല്ലൂർ എം.കെ.എൽ.എം ഹയർസെക്കൻഡറി സ്കൂളിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റും ഓഫീസും മന്ത്രി ജെ. ചിഞ്ചുറാണി ഉദ്ഘാടനം ചെയ്യുന്നു

# മെഡിക്കൽ കോളേജുകൾ കേന്ദ്രീകരിച്ച ഗവേഷണം വർധിപ്പിക്കും: മന്ത്രി വീണാ ജോർജ്

## അഞ്ച് മെഡിക്കൽ കോളേജുകളിൽ 14.09 കോടി രൂപയുടെ 15 പദ്ധതികൾ

സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ കേന്ദ്രീകരിച്ച് ഗവേഷണം വർധിപ്പിക്കുമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. ഗവേഷണത്തിനായി മെഡിക്കൽ കോളേജുകളിലെ ഭൗതിക സൗകര്യങ്ങൾ വർധിപ്പിക്കും. ഡേറ്റ കൃത്യമായി ശേഖരിക്കുന്ന സംസ്ഥാനമാണ് കേരളം. അത് ഗവേഷണത്തിന് ഉപയോഗിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നതാണ്. മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് ഘട്ടംഘട്ടമായുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്. ഇതുകൂടാതെ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ മെഡിക്കൽ കോളേജുകളെ റാങ്കിംഗിൽ മുൻനിരയിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടക്കുന്നതായി മന്ത്രി വ്യക്തമാക്കി. സർക്കാരിന്റെ നൂറുദിന കർമ്മ പദ്ധതിയുടെ ഭാഗമായി അഞ്ച് മെഡിക്കൽ കോളേജുകളിലെ 14.09 കോടി രൂപയുടെ 15 പദ്ധതികളുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

ആരോഗ്യ വിദ്യാഭ്യാസ മേഖലയിലും സംസ്ഥാനം മുന്നിൽ തന്നെയാണ്. മികച്ച ചികിത്സ, മെഡിക്കൽ വിദ്യാഭ്യാസം, പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവയോടൊപ്പം തന്നെ ആശുപത്രികളുടെ വികസനവും മുന്നോട്ട് കൊണ്ട് പോകാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. മെഡിക്കൽ കോളേജുകളിൽ എമർജൻസി മെഡിസിൻ ഉൾപ്പെടെ വിദഗ്ധ ചികിത്സ ഉറപ്പാക്കും.

സംസ്ഥാനത്തെ ആശുപത്രികൾ മാതൃശിശു സൗഹൃദമാക്കുന്ന പ്രവർത്തനങ്ങൾ നടക്കുന്നു. നവജാത ശിശുക്കൾക്ക് മുലപ്പാൽ നൽകുന്നതിന്റെ പ്രസക്തി ഏറെയാണ്. പക്ഷെ ഇക്കാര്യത്തിൽ പലരും പിന്നോട്ട് പോകുന്ന അവസ്ഥയാണുള്ളത്. ഇതിനെതിരെ ശക്തമായ ബോധവത്ക്കരണമാണ് ആവശ്യം. കുട്ടികൾക്ക് മുലപ്പാൽ ഉറപ്പാക്കുന്നതിനായാണ് കോഴിക്കോട് മെഡിക്കൽ കോളേജ് മാതൃ ശിശു സംരക്ഷണ കേന്ദ്രത്തിൽ 38.62 ലക്ഷം രൂപ ചെലവഴിച്ച് കോംപ്രിഹെൻസീവ് ലാക്റ്റേഷൻ മാനേജ്മെന്റ് സെന്റർ സജ്ജമാക്കിയത്. കോഴിക്കോട് മെഡിക്കൽ കോളേജിൽ ബിഎസ്എൽ ലെവൽ മൂന്ന് ലാബ് ഒരു വർഷത്തിനകം സജ്ജമാക്കും. ആരോഗ്യ രംഗത്ത് മികച്ച പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ട് പോകുകയാണ്. ഇതിനിടയ്ക്ക് ഉണ്ടായ കോവിഡ്, സിക, നിപ തുടങ്ങിയ വലിയ വെല്ലുവിളികളെ ശക്തമായി പ്രതിരോധിക്കാൻ ആരോഗ്യ വകുപ്പിനായി. ശക്തമായ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്ത് സിക്ക വൈറസ് രോഗം നിയന്ത്രണവിധേയമാക്കി. ഇപ്പോൾ വലുതായി കേസുകൾ റിപ്പോർട്ട് ചെയ്യുന്നില്ല. സംസ്ഥാനത്ത് ഇതുവരെ 74 സിക്ക വൈറസ് കേസുകളാണ് റിപ്പോർട്ട് ചെയ്തത്. നിലവിൽ ആരും ചികിത്സയിലില്ല.

നിപ വൈറസിനെതിരായ പ്രതിരോധത്തിൽ ശക്തമായ പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിയത്. ഒരു ദിവസത്തിനകം കോഴിക്കോട് മെഡിക്കൽ കോളേജിൽ നിപ ലാബ് സജ്ജമാക്കാനായി. 75,000 പേരെ ഹൗസ് ടു ഹൗസ് സർവേയിലൂടെ നിരീക്ഷിക്കുകയും പ്രതിരോധം ശക്തിപ്പെടുത്തുകയും ചെയ്തതായി മന്ത്രി വ്യക്തമാക്കി.

തിരുവനന്തപുരം, എറണാകുളം, ഇടുക്കി, തൃശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ വിവിധ പദ്ധതികളുടെ ഉദ്ഘാടനം നടത്തി. തിരുവനന്തപുരം മെഡിക്കൽ കോളേജ് എസ്.എ.ടി. ആശുപത്രിയിൽ 65 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച മോഡുലാർ ഓപ്പറേഷൻ തിയറ്റർ, എറണാകുളം മെഡിക്കൽ കോളേജിൽ 9 കോടി രൂപയുടെ വിവിധ പദ്ധതികൾ, ഇടുക്കി മെഡിക്കൽ കോളേജിലെ ഓക്സിജൻ പൈപ്പ് ലൈൻ സിസ്റ്റം, നവീകരിച്ച ആർ.ടി.പി.സി.ആർ ലാബ്, തൃശൂർ മെഡിക്കൽ കോളേജിൽ ഒക്സിജൻ പ്ലാന്റ്, പുതിയ കെട്ടിടം, സ്റ്റീരിയോടാക്റ്റിക് ന്യൂറോ സർജറി ഫ്രെയിം, കോഴിക്കോട് മെഡിക്കൽ കോളേജ് മാതൃ ശിശു സംരക്ഷണ കേന്ദ്രത്തിലെ കോംപ്രിഹെൻസീവ് ലാക്റ്റേഷൻ മാനേജ്മെന്റ് സെന്റർ എന്നിവയുടെ ഉദ്ഘാടനങ്ങളാണ് നടന്നത്.

മന്ത്രിമാർ, എം.പി.മാർ., എം.എൽ.എ.മാർ, മറ്റ് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.

# കോവിഡ് പ്രതിസന്ധിയിൽ സേവന രംഗത്ത് എസ്.പി.സിയും മന്ത്രി ജെ.ചിഞ്ചുറാണി

കോവിഡ് കാലത്ത് പോലീസിനൊപ്പം സേവന സന്നദ്ധരാകാൻ എസ്.പി.സിക്ക് കഴിഞ്ഞെന്ന് മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ.ചിഞ്ചുറാണി. കണ്ണനല്ലൂർ എം.കെ.എൽ.എം ഹയർസെക്കൻഡറി സ്കൂളിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റും ഓഫീസും ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

എസ്.പി.സി പദ്ധതി സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലേക്കും വ്യാപിപ്പിക്കാനുള്ള പ്രവർത്തനത്തിനാണ് സർക്കാർ തുടക്കം കുറിച്ചത്. എസ്.പി.സിയുടെ ഭാഗമാകുന്നതോടെ കുട്ടികളിൽ സേവന മനോഭാവം വർധിക്കും. ഇവർ സമൂഹത്തിന് ഒരു മുതൽക്കൂട്ടാകുമെന്നും മന്ത്രി പറഞ്ഞു.

പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി നിർവഹിച്ചു.

സംസ്ഥാന സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടികളുമായി ബന്ധപ്പെട്ട് 100 സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായാണ് കണ്ണനല്ലൂർ എം.കെ.എൽ.എം ഹയർ സെക്കൻഡറി സ്കൂളിലെ ഹൈസ്കൂൾ വിഭാഗത്തിൽ പുതിയതായി എസ്.പി.സി യൂണിറ്റും ഓഫീസും അനുവദിച്ചത്.

പി.സി. വിഷ്ണുനാഥ് എംഎൽഎ അധ്യക്ഷനായി. ചാത്തന്നൂർ എ.സി.പി ബി. ഗോപകുമാർപദ്ധതി വിശദീകരണം നടത്തി. തൃക്കോവിൽവട്ടം പഞ്ചായത്ത് പ്രസിഡന്റ് എൽ.ജലജകുമാരി, ഗ്രാമപഞ്ചായത്ത് അംഗം സജാദ് സലിം, സ്കൂൾ രക്ഷാധികാരി ഡോ.പി.എ അബ്ദുൽ മജീദ് ലബ്ബ, മാനേജർമാരായ പി.അബ്ദുൽ ഗഫൂർ ലബ്ബ, ഡോ.താഹ എ.മജീദ്, പിടിഎ പ്രസിഡന്റ് ജെ.ജാഫർ, പ്രിൻസിപ്പൽ പി.ജയചന്ദ്രകുറുപ്പ്, ഹെഡ്മാസ്റ്റർ ജോൺസൺ കെ.ജോർജ് തുടങ്ങിയവർ പങ്കെടുത്തു.

# സ്ക്വാഡ് പരിശോധന : 13 കേസുകൾക്ക് പിഴ

കോവിഡ് മാനദണ്ഡ ലംഘനങ്ങൾ കണ്ടെത്തുന്നതിനായി ജില്ലാ കലക്ടർ അഫ്സാനാ പർവീണിന്റെ നിർദ്ദേശപ്രകാരം നടത്തുന്ന താലൂക്കുതല സ്ക്വാഡ് പരിശോധനയിൽ 13 കേസുകൾക്ക് പിഴ ചുമത്തി.

കൊട്ടാരക്കര, ചടയമംഗലം, ഇളമാട്, കരീപ്ര, എഴുകോൺ, കടയ്ക്കൽ, മൈലം, നിലമേൽ, പൂയപ്പള്ളി, ഉമ്മന്നൂർ എന്നിവിടങ്ങളിൽ നടന്ന പരിശോധനയിൽ ആറ് കേസുകൾക്ക് പിഴ ഈടാക്കുകയും 143 എണ്ണത്തിനു താക്കീത് നൽകുകയും ചെയ്തു.

കരുനാഗപ്പള്ളി, ആലപ്പാട്, തൊടിയൂർ, ചവറ,കെ.എസ്.പുരം, നീണ്ടകര, പ ന, തഴവ, തെക്കുംഭാഗം, തേവലക്കര പ്രദേശങ്ങളിൽ നടന്ന പരിശോധനയിൽ അഞ്ച് കേസുകളിൽ പിഴയീടാക്കി. 88 എണ്ണത്തിന് താക്കീത് നൽകി.

കുന്നത്തൂരിൽ വിവിധ പ്രദേശങ്ങളിൽ നടന്ന പരിശോധനയിൽ രണ്ട് കേസുകൾക്ക് പിഴ ചുമത്തുകയും 71 എണ്ണത്തിനു താക്കീത് നൽകുകയും ചെയ്തു.

കൊല്ലത്ത് ചാത്തന്നൂർ, പനയം ,തൃക്കരുവ, ഭാഗങ്ങളിൽ നടത്തിയ പരിശോധനയിൽ 43 കേസുകളിൽ താക്കീത് നൽകി.

പത്തനാപുരത്ത് പിടവൂർ, പിറവന്തൂർ, പുന്നല പ്രദേശങ്ങളിൽ ഡെപ്യൂട്ടി തഹസിൽദാർ ഷിലിന്റെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ 14 കേസുകളിൽ താക്കീതു നൽകി.

പുനലൂരിൽ ഇടമൺ, വാളക്കോട് ഭാഗങ്ങളിൽ നടന്ന പരിശോധനയിൽ 13 കേസ്കളിൽ താക്കീത് നൽകി.

# തദ്ദേശ തിരഞ്ഞെടുപ്പ്: ഡിജിറ്റൽവത്ക്കരണത്തിന് ധാരണാപത്രമായി

തദ്ദേശസ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് വിവരസങ്കേതങ്ങൾ പ്രയോജനപ്പെടുത്തി കൂടുതൽ സുതാര്യവും ലളിതവുമാക്കുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനും കേരള ഡിജിറ്റൽ സർവകലാശാലയും സാങ്കേതിക കരാറിനുള്ള ധാരണാപത്രം ഒപ്പിട്ടു.

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാന്റെ സാന്നിധ്യത്തിൽ കമ്മിഷൻ സെക്രട്ടറി എ. സന്തോഷും കേരള ഡിജിറ്റൽ സർവകലാശാല വൈസ് ചാൻസലർ ഡോ. സജി ഗോപിനാഥുമാണ് ധാരണാപത്രത്തിൽ ഒപ്പിട്ടത്.

വോട്ടർപട്ടിക തയ്യാറാക്കൽ, പോളിങ് ഉദ്യോഗസ്ഥരുടെ വിന്യാസം, പോളിങ് സാമഗ്രികളുടെ ശേഖരണവും വിതരണവും, വോട്ടെണ്ണൽ, ഫലപ്രഖ്യാപനം, തെരഞ്ഞെടുപ്പ് വിവരങ്ങളുടെ അപഗ്രഥനം തുടങ്ങിയവയ്ക്കായി വിവരസാങ്കേതികവിദ്യാ സങ്കേതങ്ങൾ പ്രയോജനപ്പെടുത്തും.

ഗ്രാമസഭ/വാർഡ്സഭ മുതൽ തദ്ദേശസ്ഥാപന പ്രവർത്തനങ്ങൾക്കായി ഭരണഘടനാനുസൃതം തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ, വോട്ടവകാശം നേടുകയും വിനിയോഗിക്കുകയും ചെയ്യേണ്ട വോട്ടർമാർ, തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഭാഗമാകുന്ന ഉദ്യോഗസ്ഥർ, രാഷ്ട്രീയ പാർട്ടികൾ തുടങ്ങിയവരുടെ അവകാശങ്ങളും കടമകളും നിലവിലുള്ള ഭരണഘടനാ നിയമ വ്യവസ്ഥകൾ പ്രകാരം കാര്യക്ഷമമായി നടപ്പാക്കുന്നതിന് കൂടുതൽ ഊന്നൽ നൽകും. 18 വയസ് കഴിഞ്ഞ മുഴുവൻ യോഗ്യരായ വോട്ടർമാരെയും ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനും തിരഞ്ഞെടുപ്പുകളിൽ പരമാവധി പോളിംഗ് ഉറപ്പുവരുത്തുന്നതിനുമുള്ള നടപടികളുമുണ്ടാകും. തിരഞ്ഞെടുപ്പു പ്രവർത്തനങ്ങൾ ഓൺലൈനായി നടത്തുന്നതിനുള്ള സാങ്കേതികവിദ്യ വികസിപ്പിക്കും.

തിരഞ്ഞെടുപ്പു നടപടിക്രമങ്ങളിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നേരത്തേ പൊതുജനാഭിപ്രായം തേടിയിരുന്നു.

കമ്മീഷന് ലഭിച്ച നിരവധി നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചാണ് ഡിജിറ്റൽ സർവകലാശാലയുമായി സഹകരിച്ച് സാങ്കേതികവിദ്യാസൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനുള്ള ശ്രമം കമ്മീഷൻ നടത്തുന്നത്.

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ആസ്ഥാനത്തു നടന്ന ചടങ്ങിൽ ലോ ഓഫീസർ വി. ഷാജിമോൻ, ജോയിന്റ് സെക്രട്ടറി അജി ഫിലിപ്പ്, കമ്മീഷണറുടെ പ്രൈവറ്റ് സെക്രട്ടറി കെ.വി മുരളീധരൻ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എസ്.

മോഹൻദാസ്, സീനിയർ ഫിനാൻസ് മാനേജർ യമുന വി, ഡെപ്യൂട്ടി സെക്രട്ടറി സുരേഷ് കുമാർ എ, പബ്ലിക് റിലേഷൻസ് ഓഫീസർ ഡോ.സി. വേണുഗോപാൽ, ഡിജിറ്റൽ സർവകലാശാല (റിസർച്ച് & ഡെവലപ്പ്മെന്റ്) ഡീൻ ഡോ. അഷറഫ് എസ്, കേരള ബ്ലോക്ക് ചെയിൻ അക്കാദമി കൺവീനർ ആദർശ് എസ് തുടങ്ങിയവർ പങ്കെടുത്തു.

# ദക്ഷിണേഷ്യയിലെ ഏറ്റവും വലിയ സ്റ്റാർട്ടപ്പ്ഡിജിറ്റൽ ഹബ് ഒരുക്കി കെഎസ്‌യുഎം

രാജ്യത്തെ സ്റ്റാർട്ടപ്പ് രംഗത്തിന് പുത്തൻ ഊർജ്ജം പകരുന്ന ദക്ഷിണേഷ്യയിലെ ഏറ്റവും വലിയ ഡിജിറ്റൽ ഉത്പന്നവികസന കേന്ദ്രമായ ഡിജിറ്റൽ ഹബ് മുഖ്യമന്ത്രി പിണറായി വിജയൻ 18ന് നാടിന് സമർപ്പിക്കും. കേരള സ്റ്റാർട്ടപ്പ് മിഷന്റെ കീഴിലുള്ള അത്യാധുനിക കെട്ടിട സമുച്ചയത്തിൽ പുത്തൻ സാങ്കേതികവിദ്യയിലൂന്നിയ ഇൻകുബേറ്ററുകൾ, ആക്സിലറേറ്ററുകൾ, മികവിന്റെ കേന്ദ്രങ്ങൾ എന്നിവയാണ് സജ്ജീകരിക്കുക.

കളമശ്ശേരിയിലെ ടെക്നോളജി ഇന്നൊവേഷൻ സോണിലാണ് രണ്ട് ലക്ഷം ചതുരശ്രയടി വിസ്തീർണമുള്ള കെട്ടിടസമുച്ചയം. നിലവിൽ ഇന്റഗ്രേറ്റഡ് സ്റ്റാർട്ടപ്പ് കോംപ്ലക്സിലുള്ള 165 സ്റ്റാർട്ടപ്പുകൾക്ക് പുറമെ 200 സ്റ്റാർട്ടപ്പുകളെക്കൂടി പുതിയ കെട്ടിടത്തിൽ ഉൾക്കൊള്ളാനാകും. ഡിസൈൻ ഇൻകുബേറ്റർ, ഹെൽത്ത്കെയർ ഇൻകുബേറ്റർ, മൗസർ ഇലക്ട്രോണിക്സിന്റെ മികവിന്റെ കേന്ദ്രം, ഡിസൈൻ സ്റ്റുഡിയോകൾ, നിക്ഷേപകർക്കായുള്ള പ്രത്യേക സംവിധാനം, ഇന്നോവേഷൻ കേന്ദ്രം എന്നിവ ഉൾപ്പെടുന്നതാണിത്.

വ്യവസായ മന്ത്രി പി രാജീവ് അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ഹൈബി ഈഡൻ എം പി ആശംസയറിയിക്കും. ചീഫ് സെക്രട്ടറി ഡോ. വി പി ജോയി, ഇൻഫോസിസ് സഹസ്ഥാപകൻ ക്രിസ് ഗോപാലകൃഷ്ണൻ, കളമശ്ശേരി നഗരസഭാ ചെയർപേഴ്സൺ സീമ കണ്ണൻ, വൈസ് ചെയർപേഴ്സൺ സൽമ അബൂബക്കർ എന്നിവർ സംസാരിക്കും. ഇലക്ട്രോണിക്സ്ഐടി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ബിശ്വനാഥ് സിൻഹ സ്വാഗതവും ജോൺ എം തോമസ് നന്ദിയും അറിയിക്കും.

സംസ്ഥാനത്തേക്ക് വരാനാഗ്രഹിക്കുന്ന ഹാർഡ് വെയർ സ്റ്റാർട്ടപ്പുകൾക്കുള്ള പ്രതിബന്ധങ്ങൾ ഡിജിറ്റൽ ഹബിന്റെ വരവോടെ ഇല്ലാതാകും. ഇതോടെ ഡിസൈനർമാർക്കും പുതിയ പ്രതിഭകൾക്കും കൂടുതൽ അവസരങ്ങളും കൈവരും. വാണിജ്യാവശ്യത്തിനുള്ള മാതൃകാരൂപകൽപനയ്ക്കുള്ള അവസരം ഏറുകയും കൂടുതൽ ഉപഭോക്തൃ അടിത്തറ ഉണ്ടാകുകയും ചെയ്യും.

കളമശ്ശേരി കിൻഫ്ര ഹൈടെക് പാർക്കിലെ 13.2 ഏക്കർ സ്ഥലത്താണ് ടെക്നോളജി ഇന്നൊവേഷൻ സോൺ സ്ഥിതി ചെയ്യുന്നത്. ആശയത്തിൽ തുടങ്ങി രൂപകൽപന, മാതൃകാരൂപീകരണം എന്നിവയിലൂടെ ഉത്പന്നത്തിന്റെ വിപണനം വരെയുള്ള കാര്യങ്ങൾ ഏകോപിപ്പിക്കുകയാണ് ഇതിന്റെ ഉദ്ദേശ്യം. ഏഞ്ചൽ നിക്ഷേപകർ, വിദഗ്ധോപദേശകർ, ലോകോത്തര സാങ്കേതിക സംവിധാനങ്ങൾ എന്നിവയിലൂടെ സംരംഭകരുടെ സുസ്ഥിര വളർച്ചയാണ് സോൺ ലക്ഷ്യമിടുന്നത്.

ആകെ നാല് ലക്ഷം ചതുരശ്രയടിയാണ് സോണിന്റെ വലുപ്പം. 2.3 ലക്ഷം ചതുരശ്രയടി വിസ്തീർണമുള്ള ഇന്റഗ്രേറ്റഡ് സ്റ്റാർട്ടപ്പ് കോംപ്ലക്സ്, ബയോടെക്നോളജി ഇൻകുബേഷൻ സെന്റർ എന്നിവയാണ് നിലവിൽ ഇവിടെയുള്ളത്.

# മന്ത്രിമാരുടെ പരിശീലനം 20 മുതൽ; മൂന്നു ദിവസങ്ങളിലായി 10 സെഷനുകൾ

സംസ്ഥാനത്തെ മന്ത്രിമാർക്ക് ഐ. എം. ജിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന പരിശീലന പരിപാടി 20ന് ആരംഭിക്കും. രാവിലെ 9.30ന് മുഖ്യമന്ത്രി പിണറായി വിജയൻ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്യും. മൂന്നു ദിവസത്തെ പരിശീലനത്തിൽ പത്ത് സെഷനുകളാണുള്ളത്. ഭരണസംവിധാനത്തെക്കുറിച്ച് കൂടുതൽ അറിയുക, ദുരന്തവേളകളിൽ നേതൃത്വം അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ, മന്ത്രിയെന്ന ടീം ലീഡർ തുടങ്ങിയ സെഷനുകളാണ് ആദ്യ ദിനം. മുൻ കാബിനറ്റ് സെക്രട്ടറി കെ. എം. ചന്ദ്രശേഖറാണ് ഭരണസംവിധാനത്തെക്കുറിച്ച് വിശദീകരിക്കുക. ദുരന്തനിവാരണ വേളകളിലെ വെല്ലുവിളികളെക്കുറിച്ച് യു. എൻ ദുരന്ത ലഘൂകരണ വിഭാഗം ചീഫ് ഡോ. മുരളി തുമ്മാരുകുടി ആശയവിനിമയം നടത്തും. തുടർന്ന് ഒരു ടീമിനെ നയിക്കുന്നത് സംബന്ധിച്ച് ഐ. ഐ. എം മുൻ പ്രൊഫസറും മാനേജീരിയൽ കമ്മ്യൂണിക്കേഷൻ കൺസൾട്ടന്റുമായ പ്രൊഫ. മാത്തുക്കുട്ടി എം. മോനിപ്പള്ളി സംസാരിക്കും. 21ന് രാവിലെ ആദ്യ സെഷനിൽ പദ്ധതികൾ നടപ്പാക്കുന്നതിലെ വെല്ലുവിളികളെക്കുറിച്ച് നീതി ആയോഗ് സി. ഇ. ഒ അമിതാഭ് കാന്ത് സംസാരിക്കും. ഇതിനു ശേഷം മന്ത്രിമാരുടെ ഉയർന്ന പ്രകടനത്തെ സംബന്ധിച്ച് ഇൻഫോസിസ് സഹസ്ഥാപകൻ എസ്. ഡി. ഷിബുലാൽ ഓൺലൈനിൽ സംവദിക്കും. ഫണ്ടിംഗ് ഏജൻസികളെക്കുറിച്ചും പദ്ധതി ഘടനകളെക്കുറിച്ചും ലോകബാങ്ക് മുഖ്യ മൂല്യനിർണയ വിദഗ്ധയും സംസ്ഥാന സർക്കാരിന്റെ മുൻ ജെൻഡർ ഉപദേശകയുമായ ഡോ. ഗീതാഗോപാൽ സംസാരിക്കും. മന്ത്രിമാരും ഉദ്യോഗസ്ഥരും തമ്മിലുള്ള ബന്ധത്തെക്കുറിച്ചാണ് ഐ. എം. ജി ഡയറക്ടർ കെ. ജയകുമാർ വിശദമാക്കുക.

മാറ്റത്തിനുള്ള ഉപകരണം എന്ന നിലയിൽ ഇ ഗവേണൻസിന്റെ പ്രാധാന്യത്തെക്കുറിച്ച് 22ന് രാവിലെ നടക്കുന്ന സെഷനിൽ കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആന്റ് ടെക്നോളജി വൈസ് ചാൻസലർ ഡോ. സജി ഗോപിനാഥ് സംസാരിക്കും. മികച്ച ഫലം ലഭിക്കുന്നതിനായി പ്രചോദനത്തിനുള്ള പ്രാധാന്യത്തെക്കുറിച്ച് കേന്ദ്ര മുൻ സെക്രട്ടറി അനിൽ സ്വരൂപാണ് ആശയവിനിമയം നടത്തുന്നത്. സമൂഹ മാധ്യമങ്ങളിലെ ഒളിഞ്ഞിരിക്കുന്ന അപകടങ്ങളും പുതിയ സാധ്യതകളും എന്ന വിഷയത്തെക്കുറിച്ച് സിറ്റിസൺ ഡിജിറ്റൽ ഫൗണ്ടേഷൻ സ്ഥാപകരായ നിധി സുധനും വിജേഷ് റാമും അവതരിപ്പിക്കുന്ന സെഷനോടെ പരിശീലന പരിപാടി സമാപിക്കും.

# സംസ്ഥാനത്ത് 23,260 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു

കേരളത്തിൽ 23,260 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു. തൃശൂർ 4013, എറണാകുളം 3143, കോഴിക്കോട് 2095, തിരുവനന്തപുരം 2045, മലപ്പുറം 1818, ആലപ്പുഴ 1719, പാലക്കാട് 1674, കൊല്ലം 1645, കോട്ടയം 1431, കണ്ണൂർ 1033, പത്തനംതിട്ട 983, ഇടുക്കി 692, വയനാട് 639, കാസർഗോഡ് 330 എന്നിങ്ങനെയാണ് ജില്ലകളിൽ രോഗം സ്ഥിരീകരിച്ചത്. കഴിഞ്ഞ 24 മണിക്കൂറിനിടെ 1,28,817 സാമ്പിളുകളാണ് പരിശോധിച്ചത്. പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ എട്ടിന് മുകളിലുള്ള 678 തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലായി 2507 വാർഡുകളാണുള്ളത്. ഇവിടെ കർശന നിയന്ത്രണമുണ്ടാകും. കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 131 മരണങ്ങളാണ് കോവിഡ്19 മൂലമാണെന്ന് സ്ഥിരീകരിച്ചത്. ഇതോടെ ആകെ മരണം 23,296 ആയി.

സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 5,37,823 പേരാണ് നിരീക്ഷണത്തിലുള്ളത്. ഇതിൽ 5,11,461 പേർ വീട്/ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റീനിലും 26,362 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 1899 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

നിലവിൽ 1,88,926 കോവിഡ് കേസുകളിൽ, 12.8 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിലോ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്. രോഗം സ്ഥിരീകരിച്ചവരിൽ 159 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 21,983 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 998 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 120 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്. രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 20,388 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 1978, കൊല്ലം 1204, പത്തനംതിട്ട 686, ആലപ്പുഴ 1404, കോട്ടയം 1400, ഇടുക്കി 623, എറണാകുളം 2202, തൃശൂർ 2928, പാലക്കാട് 1526, മലപ്പുറം 1864, കോഴിക്കോട് 2192, വയനാട് 663, കണ്ണൂർ 1336, കാസർഗോഡ് 382 എന്നിങ്ങനെയാണ് രോഗമുക്തിയായത്. ഇതോടെ 1,88,926 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 42,56,697 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.

# ഇന്റർവ്യൂ ഓൺലൈനിൽ നടത്തും

ഇ ഹെൽത്ത് കേരള പ്രോജക്ടിലേക്ക് തിരുവനന്തപുരം ജില്ലയിൽ ഭാവിയിൽ ഉണ്ടാകുന്ന ഒഴിവുകളിൽ ഹാൻഡ് ഹോൾഡിങ് സപ്പോർട്ടിങ് വിഭാഗത്തിലേക്ക് വാക്ക് ഇൻ ഇന്റർവ്യൂ അടിസ്ഥാനത്തിൽ 22ന് നടത്താനിരുന്ന തിരഞ്ഞെടുപ്പ് ഓൺലൈനായി നടത്താൻ തീരുമാനിച്ചു. ഉദ്യോഗാർഥികൾ ബയോഡാറ്റയും മതിയായ രേഖകളും സഹിതം 25ന് വൈകിട്ട് അഞ്ച് മണിക്ക് മുൻപ് an-ju-e-h-e-a-l-th@gm-a-i-l.com ലേക്ക് അയയ്ക്കണം. ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുന്നവർക്ക് ഇന്റർവ്യൂവിനുള്ള പ്രത്യേക അറിയിപ്പ് നൽകും.

# ലൈബ്രറി പ്രവർത്തന സമയം പുനക്രമീകരിച്ചു

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി രാവിലെ 10 മണി മുതൽ വൈകുന്നേരം അഞ്ച് മണിവരെ പ്രവർത്തിച്ചിരുന്ന തിരുവനന്തപുരം സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയുടെ പ്രവർത്തന സമയം രാവിലെ ഒമ്പത് മുതൽ വൈകുന്നേരം ആറ് മണി വരെയാക്കി പുനക്രമീകരിച്ചു.

# കരാർ നിയമനം

സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനിൽ കൺസൾട്ടന്റായും (കൺസ്യൂമർ അഡ്വൈകസി) ജൂനിയർ കൺസൽട്ടന്റായും (കൺസ്യൂമർ അഡ്വൈകസി) കരാർ വ്യവസ്ഥയിൽ പ്രവർത്തിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ ലഭിക്കേണ്ട അവസാന തിയതി 24. വിശദ വിവരങ്ങൾക്ക്: ००० .ലൃരസലൃമഹമ.ീൃഴ.




ചവറ കെ. എം. എം. എൽ ഫാക്ടറിയിൽ പുതുസംരംഭങ്ങൾ മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യുന്നു

# നവകേരള പുരസ്കാരം ശാസ്താം കോട്ട ഗ്രാമപഞ്ചായത്തിന് ലഭിച്ചു

ഖരമാലിന്യ സംസ്കരണ മികവിന് ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിനു നവകേരള പുരസ്കാരം ലഭിച്ചു. സംസ്ഥാന സർക്കാരിന്റെ നൂറുദിന കർമ്മ പദ്ധതിയുടെ ഭാഗമായിട്ടാണ് പുരസ്കാരം വിതരണം ചെയ്തത്. പുരസ്കാരത്തിന്റെ വിതരണം തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം.വി ഗോവിന്ദൻ മാസ്റ്റർ ഓൺലൈനായി ഉദ്ഘാടനം ചെയ്തു.

ഖരമാലിന്യ സംസ്കരണത്തിൽ മാതൃകാപരമായ പ്രവർത്തനം കാഴ്ച വെച്ചതിന് ശുചിത്വ മിഷൻ, ഗ്രീൻ കേരള, ഹരിത കേരളം മിഷൻ എന്നിവയുടെ പരിശോധനയിൽ 267 മാർക്കാണ് ശാസ്താംകോട്ട ഗ്രാമ പഞ്ചായത്തിന് ലഭിച്ചത്. പഞ്ചായത്തിനെ പ്ലാസ്റ്റിക് രഹിതമാക്കി. തുണി കൊണ്ടുള്ള ഉൽപ്പന്നങ്ങൾ ഉണ്ടാക്കു ന്ന യൂണിറ്റിന്റെ പ്രവർത്തനങ്ങൾ, എം. സി. എഫ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾ, ഹരിത ചട്ടങ്ങൾ പാലിച്ചുകൊണ്ടുള്ള പൊതു ചടങ്ങുകൾ, എന്നിവയിലെ പ്രവർത്തന മികവിനാണ് നവകേരള പുരസ്കാരം പഞ്ചായത്തിന് ലഭിച്ചത്.

ശാസ്താംകോട്ട ഗ്രാമ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് അംഗം പി. കെ. ഗോപൻ പ്രശസ്തി പത്രവും സമ്മാനത്തുകയും കൈമാറി. പഞ്ചായത്ത് പ്രസിഡന്റ് ആർ. ഗീത അധ്യക്ഷയായി. ശുചിത്വ മിഷൻ ജില്ലാ കോഓർഡിനേറ്റർ സൗമ്യ, ഗോപാലകൃഷ്ണൻ, ഹരിത മിഷൻ ജില്ലാ കോർഡിനേറ്റർ ഐസക്ക്, അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ അനു, സെക്രട്ടറി രാജൻ ആചാരി, വി ഇ ഒ സുജ, ഗ്രാമ പഞ്ചായത്തം ഗ ങ്ങ ൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. ആരോഗ്യവും നവീനവുമായ ഗ്രാമനഗര ജീവിതത്തിന് ആധുനിക ഖരമാലിന്യ സംസ്കരണ രീതികൾ അവലംബിക്കേണ്ടതുണ്ട്.

അതിനൊരു പ്രോത്സാഹനമെന്ന നിലയിലാണ് മികച്ച ഖരമാലിന്യ സംസ്കരണ മാതൃകകൾ ആവിഷ്കരിച്ച തദ്ദേശസ്ഥാപനങ്ങൾക്ക് നവകേരള പുരസ്കാരം നൽകുന്നത്. ആധുനിക നവകേരള സൃഷ്ടിക്ക് മാലിന്യ മുക്തമായ സംസ്ഥാനം അത്യന്താപേക്ഷിതമാണ്. എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വമെന്ന മുദ്രാവാക്യം പൊതുജനങ്ങൾ ഏറ്റെടുക്കണം. മാലിന്യമുക്ത കേരളം സൃഷ്ടിക്കുന്നതിനായി നവീനവും ആധുനികവുമായ മാലിന്യസംസ്കരണ സംവിധാനങ്ങൾ സജ്ജമാക്കാൻ സർക്കാർ വലിയ ശ്രദ്ധ ചെലുത്തുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. പുനലൂർ നഗരസഭാ ഹാളിൽ നടന്ന ചടങ്ങിൽ പി. എസ് സുപാൽ എംഎൽഎ പ്രശസ്തി പത്രവും സമ്മാനത്തുകയും കൈമാറി.

നഗരസഭ ചെയർപേഴ്സൺ നിമ്മി എബ്രഹാം അധ്യക്ഷയായി. വൈസ് ചെയർമാൻ വി. പി ഉണ്ണികൃഷ്ണൻ, ശുചിത്വ മിഷൻ ജില്ലാ കോഓർഡിനേറ്റർ സൗമ്യ ഗോപാലകൃഷ്ണൻ, നഗരസഭ സ്ഥിരം സമിതി അംഗങ്ങളായ വസന്ത രഞ്ജൻ, അഡ്വ പി.എ. അനസ്, ഡി. ദിനേശൻ, കെ.പുഷ്പലത, ജി. ജയപ്രകാശ്, സെക്രട്ടറി അനിൽ കുമാർ തുടങ്ങിയവർ പങ്കെടുത്തു.

# മലിനീകരണം കുറയ്ക്കാൻ രാജ്യാന്തര മാനദണ്ഡങ്ങൾ സ്വീകരിക്കും മന്ത്രി പി. രാജീവ്

വ്യവസായങ്ങളിൽ നിന്നുള്ള മാലിന്യം പരമാവധി കുറയ്ക്കുന്നതിന് രാജ്യാന്തര നിലവാരത്തിലുള്ള മാനദണ്ഡം സ്വീകരിക്കുമെന്ന് വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ്. ചവറ കെ. എം. എം. എൽ ഫാക്ടറിയിൽ സ്ഥാപിച്ച ഹോട്ട് ബാഗ് ഫിൽട്ടർ സംവിധാനം, ദ്രവീകൃത ഓക്സിജൻ ഉദ്പാദന ശേഷി വർധനാ പദ്ധതി എന്നിവയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. ലാഭത്തിന് ഉപരിയായി ജനോപകാരപ്രദമായ പദ്ധതികളാണ് ഇവിടെ നടപ്പിലാക്കുന്നത്. ചിലവ് കുറച്ച് ഉദ്പാദനം സാധ്യമാക്കുന്നതിന് പിന്നിൽ പ്രവർത്തിച്ച ഇവിടുത്തെ ജീവനക്കാർ മാതൃകയാണ്. എന്നാൽ മിന്നൽ പണിമുടക്ക് പോലെ കമ്പനിക്ക് നഷ്ടം വരുത്തുന്ന സമര രീതികൾ അംഗീകരിക്കാനാകില്ല. ഒറ്റ ദിവസം 70 ലക്ഷത്തോളം രൂപ നഷ്ടമുണ്ടാക്കുന്ന പണിമുടക്ക് നടത്തുന്നത് അച്ചടക്കലംഘനമായി തന്നെ കണക്കാക്കും. കമ്പനിയുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ വേഗത്തിലാക്കും. പക്ഷെ വില നിശ്ചയിക്കുന്നത് യാഥാർത്ഥ്യബോധത്തോടെ ആകണം. ലാപ്പ തൊഴിലാളികൾക്ക് തൊഴിൽദിനങ്ങൾ കൂട്ടുന്നതും പരിഗണനയിലാണ്. വ്യവസായ മേഖലയുമായ പ്രശ്നങ്ങളിൽ തീരുമാനമെടുക്കുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. ഡോ. സുജിത്ത് വിജയൻ പിള്ള എം.എൽ.എ അധ്യക്ഷനായി. എൻ. കെ. പ്രേമചന്ദ്രൻ എം. പി., കെ. സോമപ്രസാദ് എം.പി., പ്രിൻസിപ്പൽ സെക്രട്ടറി ഡോ. കെ. ഇളങ്കോവൻ, കമ്പനി എം. ഡി. ജെ. ചന്ദ്രബോസ്, ജനറൽ മാനേജർ വി. അജയകൃഷ്ണൻ, തൊഴിലാളി സംഘടനാ നേതാക്കൾ, ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.

# കൊച്ചിയിൽ 690 കോടി രൂപയുടെ നിക്ഷേപ പദ്ധതിയുമായി ടിസിഎസ്; ഇന്നവേഷൻ പാർക്കിനുള്ള ധാരണാപത്രം ഒപ്പുവച്ചു

## പതിനായിരം തൊഴിലവസരങ്ങൾ

ലോകത്തെ പ്രമുഖ ഐ.ടി സേവനദാതാക്കളായ ടാറ്റ കൺസൾട്ടൻസി സർവ്വീസസ് (ടി.സി.എസ്) കൊച്ചി കാക്കനാട് കിൻഫ്ര ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്ററിൽ ഇന്നവേഷൻ പാർക്ക് സ്ഥാപിക്കും.

ഇതിനായുള്ള ധാരണാപത്രം മുഖ്യമന്ത്രി പിണറായി വിജയന്റേയും വ്യവസായ മന്ത്രി പി.രാജീവിന്റേയും സാന്നിധ്യത്തിൽ ഒപ്പുവെച്ചു. കിൻഫ്ര എം.ഡി സന്തോഷ് കോശി തോമസും ടി.സി.എസ് കേരള വൈസ് പ്രസിഡന്റ് ദിനേഷ് പി. തമ്പിയുമാണ് ധാരണാപത്രത്തിൽ ഒപ്പിട്ടത്.

ഇലക്ട്രോണിക് ഹാർഡ്വെയർ ആൻഡ് ഐ ടി ഐ ടി ഇ എസ് യൂണിറ്റിനായി 36.84 ഏക്കർ സ്ഥലം ടി.സി.എസിന് അനുവദിച്ചുകൊണ്ടുള്ള ധാരണാപത്രത്തിലാണ് കിൻഫ്രയും ടി.സി.എസ് പ്രതിനിധിയും ഒപ്പുവെച്ചത്. പതിനായിരത്തോളം തൊഴിലവസരങ്ങളാണ് ക്യാമ്പസ് പൂർണമായും പ്രവർത്തനക്ഷമം ആകുമ്പോൾ പ്രതീക്ഷിക്കുന്നത്. 2023 24 ൽ ആദ്യഘട്ടം പ്രവർത്തനമാരംഭിക്കും.

ഇന്ത്യയിലും ആഗോളതലത്തിലും ഐടി ഐ ടി ഇ എസ് മേഖലയിൽ മികവ് തെളിയിച്ച സ്ഥാപനമാണ് ടിസിഎസ്.

16 ലക്ഷം ചതുരശ്രഅടി പ്രദേശത്താണ് ഇന്നവേഷൻ പാർക്ക് സ്ഥാപിക്കുക. ഐടി കോംപ്ളക്സിനായി 440 കോടി രൂപയും മറ്റ് അനുബന്ധ വികസനത്തിനായി 250 കോടി രൂപയുമാണ് ടിസിഎസ് വകയിരുത്തിയിരിക്കുന്നത്.

ഈ സർക്കാർ ചുമതലയേറ്റശേഷം ധാരണാപത്രം ഒപ്പുവെക്കുന്ന രണ്ടാമത്തെ പ്രമുഖ നിക്ഷേപ പദ്ധതിയാണിത്.

പ്രമുഖ ഡിസൈൻ ടെക്നോളജി സേവനദാതാക്കളായ ടാറ്റാ എൽക്സിയുമായി ഒപ്പിട്ട ധാരണാപത്രം പ്രകാരം 75 കോടി രൂപയുടെ നിക്ഷേപം നടത്താൻ ധാരണയായിരുന്നു. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. കെ. ഇളങ്കോവനും പങ്കെടുത്തു.

# കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിൽ കോവിഡ് വാക്സിനേഷൻ പൂർത്തിയാക്കി

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കുളത്തൂപ്പുഴ ഗ്രാമ പഞ്ചായത്തിൽ 18 വയസിന് മുകളിലുള്ളവരുടെ ആദ്യ ഡോസ് വാക്സിനോഷൻ പൂർത്തിയാക്കി. ആരോഗ്യ പ്രശ്നങ്ങൾ ഉള്ളവരും കോവിഡ് രോഗം ബാധിച്ച് മൂന്ന് മാസം പൂർത്തിയാകാത്തവരുമാണ് ഇനി ആദ്യ ഡോസ് സ്വീകരിക്കാനുള്ളത്. പഞ്ചായത്ത് സമിതി അംഗങ്ങൾ, കുളത്തൂപ്പുഴ സി. എച്ച്. സിയിലെ ജീവനക്കാർ, ആശാ പ്രവർത്തകർ, പോലീസിലെയും പഞ്ചായത്തിലേയും ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന ടീമാണ് പ്രവർത്തിച്ചത്. രണ്ടാം ഡോസ് വാക്സിനും എല്ലാവർക്കും ലഭ്യമാക്കി സമ്പൂർണ്ണ വാക്സിനേറ്റഡ് ഗ്രാമമാക്കി മാറ്റുകയാണ് ലക്ഷ്യമെന്ന് പ്രസിഡന്റ് പി. അനിൽകുമാർ പറഞ്ഞു.

കൊട്ടാരക്കര നഗരസഭാ പരിധിയിൽ ആദ്യ ഡോസ് വാക്സിൻ സ്വീകരിക്കാത്തവർക്കായി മെഗാ വാക്സിനേഷൻ ക്യാമ്പ് നടത്തി. മന്നം മെമ്മോറിയൽ സ്കൂളിൽ നടന്ന ക്യാമ്പിൽ 600 പേർക്ക് കൊവിഷീൽഡ് ആണ് നൽകിയത്. കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി അഞ്ച് മെഗാ വാക്സിനേഷൻ ക്യാമ്പുകൾ നഗരസഭാ പരിധിയിൽ ഇതുവരെ നടത്തിയാതായി കൊട്ടാരക്കര നഗരസഭ വൈസ് ചെയർപേഴ്സൺ അനിത ഗോപകുമാർ പറഞ്ഞു.

തൊടിയൂർ ഗ്രാമപഞ്ചായത്തിൽ 90 ശതമാനത്തോളം പേരും ആദ്യ ഡോസ് വാക്സിൻ സ്വീകരിച്ചതായി പ്രസിഡന്റ് ബിന്ദു പറഞ്ഞു. അഞ്ച് മെഗാ വാക്സിനേഷൻ ക്യാമ്പുകൾ ആണ് ഗ്രാമ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഇതുവരെ നടത്തിയത്. കോവീഷീൽഡ്, കോ വാക്സിൻ എന്നിവയാണ് നൽകുന്നത്. കിടപ്പു രോഗികൾക്ക് ആരോഗ്യപ്രവർത്തകർ വീടുകളിലെത്തി വാക്സിൻ നൽകുന്നുണ്ട്.

പത്തനാപുരം ഗ്രാമപഞ്ചായത്തിൽ ഇത് വരെ 39908 പേർക്ക് വാക്സിൻ നൽകി. ഡി. സി. സിയിൽ 23 രോഗികളാണ് ഉള്ളത്. നിലവിലെ പോസിറ്റിവ് കേസുകൾ 130 ആണ്. നാല് വാർഡുകൾ കണ്ടയിൻമെന്റ് സോണിലാണ്. പത്തനാപുരം ഗ്രാമപഞ്ചായത്തിൽ അയൽപക്ക നിരീക്ഷണ സമിതി രൂപീകരണവുമായി ബന്ധപ്പെട്ട യോഗം ചേർന്നതായി പ്രസിഡന്റ് എസ്. തുളസി പറഞ്ഞു.

# നാർക്കോട്ടിക് വ്യാപനത്തെ നേരിടാൻ സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ ജാഗ്രത പുലർത്തണം: മുഖ്യമന്ത്രി

സമൂഹം ആപത്തോടെ കാണുന്ന നാർക്കോട്ടിക് വ്യാപനത്തെ നേരിടാൻ സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ ജാഗ്രത പുലർത്തണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സർക്കാർ പുതിയതായി അനുവദിച്ച 165 സ്റ്റുഡന്റ് പോലീസ് കേഡറ്റ് സ്കൂൾ യൂണിറ്റുകൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ലഹരി വ്യാപന സംഘങ്ങൾ പലയിടത്തും പ്രവർത്തിക്കുന്നു. സ്കൂൾ പ്രവർത്തിക്കുന്ന ഘട്ടത്തിൽ എസ്.പി.സി ഉള്ളയിടങ്ങളിൽ നല്ല രീതിയിൽ ഇത്തരം നീക്കങ്ങളെ പ്രതിരോധിക്കാൻ കഴിഞ്ഞു. രാജ്യത്തിന് എതിരെ ചിന്തിക്കുന്ന ശക്തികൾ ശാരീരികവും മാനസികവുമായി ആരോഗ്യമുള്ള തലമുറ വളർന്നു വരാതിരിക്കാൻ ശ്രമിക്കും.

ദുഷിച്ച രീതിയിൽ ചിന്തിക്കുന്ന ചിലർ സ്വാർത്ഥലാഭം മുൻനിർത്തി, തത്ക്കാലം കുറച്ച് പണം സമ്പാദിക്കുന്നതിനായി, തെറ്റായ വഴിയിലൂടെ സഞ്ചരിക്കും. ഇവർ വളർന്നു വരുന്ന തലമുറയെ നിശ്ചേഷ്ടമാക്കുന്ന നടപടികൾ സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി മുന്നറിയിപ്പ് നൽകി.

165 സ്കൂളുകൾ കൂടി ചേരുന്നതോടെ 70716 കുട്ടികൾ എസ്. പി. സിയുടെ ഭാഗമായി.

സംസ്ഥാനത്തെ 968 സ്കൂളുകളിലാണ് നിലവിൽ പദ്ധതിയുള്ളത്. ഉടൻ തന്നെ ആയിരം സ്കൂളുകളിലേക്ക് പദ്ധതി വ്യാപിപ്പിക്കും. ബാക്കിയുള്ള സ്കൂളുകളിലും ഘട്ടംഘട്ടമായി പദ്ധതി നടപ്പാക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

പദ്ധതിയുടെ ഗുണമേൻമ മനസിലാക്കി രാജ്യത്താകെ വ്യാപിപ്പിക്കാനുള്ള കേന്ദ്ര തീരുമാനത്തെ തുടർന്ന് പല സംസ്ഥാനങ്ങളിലും സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി എത്തിക്കഴിഞ്ഞു. ഇത് കൂടുതൽ സംസ്ഥാനങ്ങളിലേക്ക് വ്യാപിക്കുമെന്നാണ് കരുതുന്നത്.

അച്ചടക്കമുള്ള വലിയൊരു സമൂഹത്തെ വാർത്തെടുക്കാനാവുമെന്നാണ് ഈ പദ്ധതിയുടെ ഏറ്റവും വലിയ പ്രത്യേകതയെന്നും മുഖ്യമന്ത്രി പറഞ്ഞു.

# എം. സി. എ: ഓൺലൈൻ രജിസ്ട്രേഷൻ

കേരളത്തിലെ എ.ഐ.സി.ടി.ഇ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ 202122 അധ്യയന വർഷത്തെ മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (എം.സി.എ) കോഴ്സിലേക്കുള്ള പ്രവേശനത്തിന് ഒഴിവുള്ള സീറ്റുകളിൽ പ്രവേശനത്തിന് ഓൺലൈൻ രജിസ്ട്രേഷനും സ്പെഷ്യൽ അലോട്ട്മെന്റും നടത്തും. താത്പര്യമുള്ള, റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള, എസ്.സി/എസ്.ടി വിഭാഗക്കാർക്ക് 25നും ജനറൽ വിഭാഗക്കാർക്ക് (മറ്റ് എല്ലാ വിഭാഗക്കാർക്കും) 30നും നടക്കും. 25ന് അലോട്ട്മെന്റിൽ പങ്കെടുക്കേണ്ടവർ 23, 24നും 30ന് പങ്കെടുക്കേണ്ടവർ 26, 27നും ഓൺലൈനായി പുതിയ കോളേജ്/ കോഴ്സ് ഓപ്ഷനുകൾ നൽകി രജിസ്റ്റർ ചെയ്യണം. മുൻ അലോട്ട്മെന്റുകളിലൂടെ കോളേജുകളിൽ പ്രവേശനം ലഭിച്ചവർ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ഓൺലൈൻ രജിസ്ട്രേഷൻ സമയത്ത് അപ്‌ലോഡ് ചെയ്യണം. ഓപ്ഷനുകൾ പരിഗണിച്ച് അലോട്ട്മെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. കൂടുതൽ വിവരങ്ങൾക്ക്: 04712560363, 364.

# വസ്തു നികുതിയിളവിന് അപേക്ഷിക്കുന്നതിനുള്ള കാലാവധി നീട്ടി: മന്ത്രി

കോവിഡ്19ന്റെ പശ്ചാത്തലത്തിൽ 202122 സാമ്പത്തിക വർഷത്തിലെ ഒന്നാം അർദ്ധവർഷത്തെ വസ്തുനികുതി ഇളവ് അനുവദിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അപേക്ഷിക്കുവാനുള്ള കാലാവധി ഒക്ടോബർ 15വരെ നീട്ടി ഉത്തരവിറക്കിയെന്ന് തദ്ദേശ സ്വയംഭരണ, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. വിവിധ കാരണങ്ങളാൽ അടഞ്ഞുകിടക്കുന്നതും വിനിയോഗിക്കാത്തതുമായ കെട്ടിടങ്ങളുടെ ഉടമകൾക്ക് കോവിഡ്19 നിയന്ത്രണങ്ങൾ കാരണം വസ്തുനികുതി ഒഴിവാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ യഥാസമയം അപേക്ഷ സമർപ്പിക്കാൻ സാധിക്കാത്ത സാഹചര്യം നിലിനിൽക്കുന്ന പശ്ചാത്തലത്തിലാണ് സംരംഭകരെ പിന്തുണയ്ക്കുന്നതിന്റെ ഭാഗമായി കാലാവധി നീട്ടി നൽകിയത്. കേരള പഞ്ചായത്ത് രാജ്, കേരള മുനിസിപ്പാലിറ്റി നിയമങ്ങളിലെയും ചട്ടങ്ങളിലെയും ബന്ധപ്പെട്ട വ്യവസ്ഥകൾ പ്രകാരമുള്ള മറ്റു നിബന്ധനകളെല്ലാം ഇത്തരം അപേക്ഷകർക്ക് ബാധകമായിരിക്കുമെന്നും മന്ത്രി അറിയിച്ചു.

# സൈക്കോളജി അപ്രന്റിസ് ഇന്റർവ്യൂ 20ന്

തിരുവനന്തപുരം സർക്കാർ വനിതാ കോളേജിൽ 2021 22 സാമ്പത്തിക വർഷത്തിൽ ഒരു സൈക്കോളജി അപ്രന്റിസിന്റെ താത്കാലിക നിയമനത്തിന് ഓൺലൈൻ ഇന്റർവ്യൂ 20 ന് രാവിലെ 10.30 ന് നടത്തും. സൈക്കോളജിയിൽ ബിരുദാനന്തര ബിരുദമുള്ളവരെയാണ് പരിഗണിക്കുന്നത്. ക്ലിനിക്കൽ സൈക്കോളജി, പ്രവർത്തി പരിചയം എന്നിവ അഭിലഷണീയ യോഗ്യതയാണ്. യോഗ്യരായ ഉദ്യോഗാർത്ഥികൾ കോളേജ് വെബ്സൈറ്റിലെ ഓൺലൈൻ അപേക്ഷ മുഖേന 17 ന് വൈകുന്നേരം അഞ്ച് മണിക്ക് മുമ്പ് രജിസ്റ്റർ ചെയ്യണം. കൂടുതൽ വിശദാംശങ്ങൾക്ക്: 9497853772.

# 500 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു

സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളുടെ ധനശേഖരണാർത്ഥം 500 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു. ഇതിനായുള്ള ലേലം സെപ്റ്റംബർ 21ന് റിസർവ് ബാങ്കിന്റെ മുംബൈ ഫോർട്ട് ഓഫീസിൽ ഇകുബേർ സംവിധാനം വഴി നടക്കും.

# ഉദ്യോഗാർത്ഥികൾക്ക് പരിശീലനം

ഉന്നത വിദ്യാഭ്യാസത്തിനും തൊഴിലിനും വേണ്ടിയുള്ള മത്സരപരീക്ഷകളിൽ വിദ്യാർത്ഥികളെ മാനസികമായി ശക്തിപ്പെടുത്തുന്നതിനോടൊപ്പം വ്യക്തിത്വവികസനം, കമ്മ്യൂണിക്കേഷൻ, സാമൂഹിക പരിജ്ഞാനം, കരിയർ വികസനം, കമ്പ്യൂട്ടർ പരിജ്ഞാനം എന്നീ മേഖലകളിൽ സൈബർശ്രീ പരിശീലനം നൽകുന്നു. മൂന്നു മാസത്തെ സൗജന്യ പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് പ്രതിമാസം 1000 രൂപ സ്റ്റൈപന്റ് ലഭിക്കും. ഏതെങ്കിലും വിഷയത്തിൽ ബിരുദം/ മൂന്നു വർഷ ഡിപ്ളോമ/ എൻജിനിയറിങ് എന്നിവയിലേതെങ്കിലും പാസ്സായവർക്കും കോഴ്സ് പൂർത്തീകരിച്ചവർക്കും അവസരം ലഭിക്കും. പ്രായപരിധി 18 നും 26 നും മദ്ധ്യേ. വിശദവിവരങ്ങൾക്ക്: 04712933944, 9947692219, 9447401523.

# സൈക്കോളജി അപ്രന്റിസ് ഇന്റർവ്യൂ 20ന്

തിരുവനന്തപുരം സർക്കാർ വനിതാ കോളേജിൽ 202122 സാമ്പത്തിക വർഷത്തിൽ ഒരു സൈക്കോളജി അപ്രന്റിസിന്റെ താത്കാലിക നിയമനത്തിന് ഓൺലൈൻ ഇന്റർവ്യൂ 20 ന് രാവിലെ 10.30 ന് നടത്തും. സൈക്കോളജിയിൽ ബിരുദാനന്തര ബിരുദമുള്ളവരെയാണ് പരിഗണിക്കുന്നത്. ക്ലിനിക്കൽ സൈക്കോളജി, പ്രവർത്തി പരിചയം എന്നിവ അഭിലഷണീയ യോഗ്യതയാണ്. യോഗ്യരായ ഉദ്യോഗാർത്ഥികൾ കോളേജ് വെബ്സൈറ്റിലെ ഓൺലൈൻ അപേക്ഷ മുഖേന 17 ന് വൈകുന്നേരം അഞ്ച് മണിക്ക് മുമ്പ് രജിസ്റ്റർ ചെയ്യണം. കൂടുതൽ വിശദാംശങ്ങൾക്ക്: ഠഠഠ.ഴരംറ്.മര.ശി, 9497853772.

# കേരള കെട്ടിട നിർമാണ തൊഴിലാളി ക്ഷേമനിധിയിൽ നിന്ന് അനർഹരെ ഒഴിവാക്കും

കേരള കെട്ടിട നിർമാണ തൊഴിലാളി ക്ഷേമനിധിയിൽ നിന്ന് അനർഹരെ കണ്ടെത്തി ഒഴിവാക്കാൻ തീരുമാനം. തൊഴിൽ മന്ത്രി വി ശിവൻകുട്ടി വിളിച്ചു ചേർത്ത നിർമാണ മേഖലയിലെ തൊഴിലാളി സംഘടനകളുടെ യോഗത്തിൽ ആണ് തീരുമാനമെടുത്തത്. തീരുമാനത്തെ തൊഴിലാളി സംഘടനകൾ ഒന്നടങ്കം പിന്തുണച്ചു. അനർഹരെ ഒഴിവാക്കാനുള്ള നടപടിയുടെ ഭാഗമായി തൊഴിലാളികളുടെ ആധാർ അധിഷ്ഠിത ഡാറ്റാബേസ് തയ്യാറാക്കും .

നിർമാണ ക്ഷേമനിധി ബോർഡ് സാമ്പത്തിക പ്രതിസന്ധിയിലാണെന്ന് മന്ത്രി ചൂണ്ടിക്കാട്ടി. 3.18 ലക്ഷം പേർക്ക് പെൻഷൻ നൽകുന്നതിന് പ്രതിമാസം 50 കോടി രൂപ ചിലവാകും. ഈ പശ്ചാത്തലത്തിൽ കേരള കെട്ടിട നിർമാണ തൊഴിലാളി ക്ഷേമനിധിയിലേക്കുള്ള സെസ് പിരിവ് ഊർജിതമാക്കണം. സെസ് പിരിവ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടത്താൻ ആണ് തീരുമാനം. നിലവിലുള്ള സെസ് കുടിശ്ശിക പിരിച്ചെടുക്കാൻ തൊഴിൽവകുപ്പ് നടപടി സ്വീകരിക്കും. ഇതിനായി സെസ് അദാലത്തുകൾ സംഘടിപ്പിക്കാനും റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാനും തീരുമാനിച്ചു. നിർമാണ മേഖലയിലെ അതിഥി തൊഴിലാളികളെ ക്ഷേമ ബോർഡിൽ ഉൾപ്പെടുത്താനുള്ള നടപടികളും ആരംഭിക്കും. ലേബർ കമ്മീഷണർ ഡോ. എസ് ചിത്ര, കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് ചെയർമാൻ വി ശശികുമാർ, ആർ ചന്ദ്രശേഖരൻ, കെ പി സഹദേവൻ, കോനിക്കര പ്രഭാകരൻ, വിജയൻ കുനുശ്ശേരി തുടങ്ങി വിവിധ തൊഴിലാളി സംഘടനാ നേതാക്കൾ പങ്കെടുത്തു.

# താത്ക്കാലിക മുൻഗണന പട്ടിക

മൃഗസംരക്ഷണ വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലെ 01/07/2021 നിലവെച്ചുള്ള താത്ക്കാലിക മുൻഗണനാ പട്ടിക ഠഠഠ.മവറസലൃമഹമ.ഴീ.ശി ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പട്ടികയിൽ ആക്ഷേപങ്ങളോ, അഭിപ്രായങ്ങളോ ഉണ്ടെങ്കിൽ ബന്ധപ്പെട്ട രേഖകൾ സഹിതം നടപടി ക്രമം പുറപ്പെടുവിച്ച തീയതി മുതൽ 15 ദിവസത്തിനകം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കണം. വൈകി ലഭിക്കുന്ന പരാതികൾ പരിഗണിക്കില്ല.

# ഉത്തരസൂചിക പ്രസിദ്ധീകരിച്ചു

കെടെറ്റ് മെയ് 2021 കാറ്റഗറി 1, 2, 3, 4 പരീക്ഷകളുടെ താൽക്കാലിക ഉത്തരസൂചികകൾ ഠഠഠ.സലൃമഹമുമൃലലസവെമയവമ്മി.ശി ൽ പ്രസിദ്ധീകരിച്ചു.

# അനുശോചിച്ചു

പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി ആനന്ദ് സിംഗിന്റെ മകൾ ഭവ്യയുടെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു.



നിർമാണ മേഖലയിലെ തൊഴിലാളികളുമായി മന്ത്രി വി. ശിവൻകുട്ടി ചർച്ച നടത്തുന്നു

# വീണ്ടും ദുരഭിമാനക്കൊല: ഒളിച്ചോടിയ കമിതാക്കളെ കൊന്ന് രണ്ടു സംസ്ഥാനങ്ങളിൽ ഉപേക്ഷിച്ചു

ന്യൂഡൽഹി: ഉത്തർപ്രദേശ് സ്വദേശികളായ കമിതാക്കളെ പെൺകുട്ടിയുടെ വീട്ടുകാർ തട്ടിക്കൊണ്ടുപോയി കൊലപ്പെടുത്തി മൃതദേഹങ്ങൾ രണ്ടു സംസ്ഥാനങ്ങളിൽ ഉപേക്ഷിച്ചു. ജഹാംഗീർപുരി സ്വദേശികളായ ഉത്തം യാദവ്, നേഹ എന്നിവരാണ് കൊല്ലപ്പെട്ടത്. ഇതിൽ നേഹയ്ക്ക് പ്രായപൂർത്തിയായിട്ടില്ല.

അയൽവാസികളായ ഇരുവരും കുറച്ചുകാലമായി പ്രണയത്തിലായിരുന്നു. എന്നാൽ വീട്ടുകാർ ബന്ധത്തെ ശക്തമായി എതിർത്തു. ഇതോടെ ഇരുവരും ജൂലൈ 31ന് ഡൽഹിയിലേക്ക് ഒളിച്ചോടി. പെൺകുട്ടിയുടെ വീട്ടുകാർ നടത്തിയ അന്വേഷണത്തിൽ ഇരുവരുടെയും താമസസ്ഥലം കണ്ടെത്തി. പിന്നീടാണ് ഇരുവരെയും ഡൽഹിയിൽ നിന്നും തട്ടിക്കൊണ്ടുപോയത്.

യുവാവിൻറെ മൃതദേഹം രാജസ്ഥാനിൽ ഉപേക്ഷിച്ച ബന്ധുക്കൾ പെൺകുട്ടിയെ കൊലപ്പെടുത്തി മൃതദേഹം തള്ളിയത് മധ്യപ്രദേശിലെ ബിൻഡയിലാണ്. ക്രൂരമർദ്ദനത്തിനിരയാക്കിയ ശേഷമാണ് യുവാവിനെ കൊലപ്പെടുത്തിയത്. സ്വകാര്യ ഭാഗങ്ങൾ മുറിച്ചുകളഞ്ഞ ശേഷം അക്രമികൾ യുവാവിനെ കുത്തിക്കൊലപ്പെടുത്തുകയായിരുന്നു. പെൺകുട്ടിയുടെ കഴുത്തിൽ കയറുമുറുക്കിയാണ് കൊലപ്പെടുത്തിയത്.

യുവാവിൻറെ പിതാവ് മകനെ കാണാനില്ലെന്ന് കാണിച്ച് നൽകിയ പരാതിയെ തുടർന്ന് നടത്തിയ പോലീസ് അന്വേഷണത്തിലാണ് കൊലപാതകത്തിൻറെ ചുരുളുകൾ അഴിഞ്ഞത്. പെൺകുട്ടിയുടെ ബന്ധുക്കളുടെ മൊബൈൽ ഫോൺ സിഗ്നൽ കേന്ദ്രീകരിച്ചായിരുന്നു അന്വേഷണം. കൊലയ്ക്ക് പിന്നിൽ പ്രവർത്തിച്ച എല്ലാവരെയും അറസ്റ്റ് ചെയ്തെന്ന് പോലീസ് പറഞ്ഞു.

# കിറ്റെക്സിനെ തൊട്ടാൽ ബോംബെറിഞ്ഞു കൊല്ലും; എൽദോസ് കുന്നപ്പിള്ളിക്ക് ഭീഷണിക്കത്ത്

പെരുമ്പാവൂർ: എൽദോസ് കുന്നപ്പിള്ളി എംഎൽഎയ്ക്ക് ഭീഷണിക്കത്ത്. കിറ്റെക്സ് വിഷയത്തിൽ ഇടപെട്ടാൽ ബോംബെറിഞ്ഞു തകർക്കുമെന്നാണ് ഭീഷണി. വെള്ളിയാഴ്ച ഉച്ചയോടെ പെരുമ്പാവൂരിലെ എംഎൽഎ ഓഫീസിലാണ് അജ്ഞാത ഭീഷണി കത്ത് എത്തിയത്. പെരുമ്പാവൂർ എംഎൽഎ കുന്നത്തുനാട് മണ്ഡലത്തിലെ കാര്യം അന്വേഷിക്കാൻ നടക്കേണ്ടെന്നു തുടങ്ങുന്ന കത്തിൽ പിന്നെ അസഭ്യവർഷമാണ്. ചേലക്കുളം സ്വദേശി കാച്ചാംകുഴി അബ്ദുൽ റഹ്മാൻറെ പേരിലാണ് കത്തയച്ചിരിക്കുന്നത്. ഡിജിപിക്കും മുഖ്യമന്ത്രിക്കും എംഎൽഎ പരാതി നൽകി.

എൽദോസ് കുന്നപ്പിള്ളിക്കു പുറമെ പി.ടി. തോമസ് എംഎൽഎയ്ക്കും ബെന്നി ബഹനാൻ എംപിക്കുമെതിരേ കത്തിൽ പരാമർശമുണ്ട്. യുഡിഎഫിലെ 41 എംഎൽഎമാർക്കും കത്തയച്ചിട്ടുണ്ടെന്നും വെങ്ങോലയിൽ പ്രവർത്തിക്കുന്ന ഐഎസിൽ താൻ അംഗമാണെന്നും കത്തിൽ പറയുന്നു.

ശേഷം അടുത്തതിൽ എന്നു പറഞ്ഞാണ് കത്ത് അവസാനിപ്പിച്ചിരിക്കുന്നത്.

# പായ്ക്കു ചെയ്ത പഴച്ചാറിനും വില കൂടും. സിങ്ക് അയിരിൻെറ ജിഎസ്ടി 18 ശതമാനമായി വർധിപ്പിച്ചു

ന്യൂഡൽഹി: പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പിറന്നാൾ ദിനത്തിൽ വാക്സിനേഷനിൽ ചരിത്രനേട്ടം കുറിച്ച് ഇന്ത്യ. ഒരു ദിവസം രണ്ട് കോടി ഡോസ് വാക്സിൻ വിതരണം ചെയ്താണ് രാജ്യം ചരിത്രനേട്ടം സ്വന്തമാക്കിയത്. ഓരോ മിനിറ്റിലും 42,000 ഡോസ് വാക്സിൻ വിതരണം ചെയ്തു. ഒരു ദിവസത്തിനിടെ ഒരുകോടിയിലധികം ഡോസ് വാക്സിൻ നൽകുന്നത് ഒരുമാസത്തിനിടെ ഇത് നാലാം തവണയാണ്. രാജ്യത്ത് ഇതുവരെ 78.68 കോടി ഡോസ് വാക്സിനാണ് വിതരണം ചെയ്തത്. ആദ്യഡോസ് വാക്സിൻ സ്വീകരിച്ചവരുടെ എണ്ണം 59.17 കോടിയാണ്. രണ്ട് ഡോസ് വാക്സിനും എടുത്തവർ 19.51 കോടിയാണ്. മോദിയുടെ ജന്മദിനമായ സെപറ്റംബർ 17ന് രാജ്യത്തൊട്ടാകെ രണ്ടു കോടി പേർക്ക് കോവിഡ് വാക്സീൻ നൽകാൻ വിപുലമായ പരിപാടികൾ കേന്ദ്രസർക്കാർ തയാറാക്കിയിരുന്നു.

# ഭൂമിക്കു വെളിയിൽ മൂന്നു മാസം; ചൈനീസ് ബഹിരാകാശയാത്രികർ മടങ്ങിയെത്തി

ബെയ്ജിംഗ്: ചൈനയുടെ ചരിത്രത്തിലെ ഏറ്റവും ദൈർഘ്യമേറിയ ബഹിരാകാശ ദൗത്യം പൂർത്തിയാക്കി മൂന്ന് ചൈനീസ് ബഹിരാകാശയാത്രികർ ഭൂമിയിലേക്ക് മടങ്ങി. നീയ് ഹെയ്ഷെങ്, ലിയു ബോമിംഗ്, ടാംഗ് ഹോങ്ബോ എന്നിവരാണ് വിജയകരമായി ദൗത്യം പൂർത്തിയാക്കി ഭൂമിയിലേക്ക് മടങ്ങിയെത്തിയയത്. ചൈനയുടെ ഏറ്റവും പ്രായം കൂടിയ ബഹിരാകാശ സഞ്ചാരി എന്ന റിക്കാർഡ് 56കാരനായ നീയ് ഈ യാത്രയിലൂടെ സ്വന്തമാക്കി.

ബഹിരാകാശ നിലയമായ ടിയാംഗ്ഗോംഗിൽ 90 ദിവസമാണ് നീയും സംഘവും തങ്ങിയത്. ഭൂമിയിൽനിന്നും 380 കിലോ മീറ്റർ ഉയരത്തിലാണ് ടിയാംഗ്ഗോംഗ് നിലയമുള്ളത്. മൂന്ന് പേരും വ്യാഴാഴ്ച ഷെൻഷോ 12 പേടകത്തിൽ ബഹിരാകാശ നിലയത്തിൽ നിന്നും ഭൂമിയിലേക്ക് പുറപ്പെട്ടു. വെള്ളിയാഴ്ച മംഗോളിയയിലെ ഗോബി മരുഭൂമിയിൽ പ്രാദേശിക സമയം 13:35 ന് സുരക്ഷിതമായി ഇറങ്ങി.

ജൂൺ 17 ന് ബഹിരാകാശത്തേയ്ക്കു പുറപ്പെട്ട സ്ഥലത്തു തന്നെയാണ് ഇവർ മടങ്ങിയെത്തിയതും. മണിക്കൂറുകൾ നീണ്ട ബഹിരാകാശ നടത്തം, വിവരങ്ങൾ ഭൂമിയിലേക്ക് കൈമാറൽ ഉൾപ്പെടെ വിവിധ ജോലികൾ മൂവരും നിർവഹിച്ചു.

## ജലസേചന സംവിധാനങ്ങൾ സബ്സിഡിയോടെ സ്ഥാപിക്കുന്നതിന് അപേക്ഷിക്കാം

നൂതന ജലസേചന രീതികൾ പ്രോൽസാഹിപ്പിക്കുക, ജല ഉപയോഗക്ഷമത വർദ്ധിപ്പിക്കുക, ഉയർന്ന ഉത്പാദനം ഉറപ്പുവരുത്തുക, ജലസേചനത്തോടൊപ്പം വളപ്രയോഗം നടപ്പിലാക്കുക, കർഷകരുടെ വരുമാനം ഉയർത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടെ കൃഷി വകുപ്പ് നടപ്പിലാക്കുന്ന പ്രധാന മന്ത്രി കൃഷി സിഞ്ചായി യോജന പദ്ധതിയിലൂടെ സൂക്ഷ്മ ജലസേചന സംവിധാനങ്ങൾ കൃഷിയിടങ്ങളിൽ സബ്സിഡിയോടെ സ്ഥാപിക്കുന്നതിന് അപേക്ഷിക്കാം. ഇതിലൂടെ ഡ്രിപ്പ്, സ്പ്രിംഗ്ളർ തുടങ്ങിയ ആധുനിക ജലസേചന രീതികളുടെ ഗുണഭോക്താക്കളാകാൻ കർഷകർക്ക് അവസരം ലഭിക്കും. ചെറുകിട നാമമാത്ര കർഷകർക്ക് പദ്ധതി ചെലവിന്റെ അനുവദനീയ തുകയുടെ 80 ശതമാനവും മറ്റുള്ള കർഷകർക്ക് 70 ശതമാനവും നിബന്ധനകളോടെ ധനസഹായമായി ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് ജില്ലകളിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയറുടെ കാര്യാലയവുമായോ അടുത്തുള്ള കൃഷിഭവനുമായോ ബന്ധപ്പെടണം. ഫോൺ: 9383471797, 9383470693, 9383470068.

## മരക്കാർ അറബിക്കടലിൻെറ സിംഹം: പരാതിയിൽ നാലാഴ്ചയ്ക്കുള്ളിൽ തീരുമാനമെടുക്കണമെന്ന് ഹൈക്കോടതി

കൊച്ചി: മോഹൻലാൽ നായകനായ മരക്കാർ അറബിക്കടലിൻറെ സിംഹം എന്ന ചലച്ചിത്രത്തിൽ കുഞ്ഞാലി മരയ്ക്കാറുടെ ജീവിത കഥ വളച്ചൊടിച്ചെന്നും ചിത്രത്തിൻറെ പ്രദർശനം വിലക്കണമെന്നും ആവശ്യപ്പെട്ടുള്ള ഹർജിയിൽ നാലാഴ്ചയ്ക്കകം തീരുമാനമെടുക്കാൻ ഹൈക്കോടതി കേന്ദ്രസർക്കാരിനു നിർദേശം നൽകി.

കുഞ്ഞാലി മരയ്ക്കാറുടെ പിന്തുടർച്ചക്കാരിലുൾപ്പെട്ട മുഫീദ അരാഫത്ത് മരയ്ക്കാർ നൽകിയ ഹർജിയിൽ ജസ്റ്റീസ് പി.വി. കുഞ്ഞികൃഷ്ണനാണ് ഈ നിർദേശം നൽകിയത്. കോഴിക്കോട് സാമൂതിരിയുടെ നാവിക പടത്തലവനായിരുന്ന കുഞ്ഞാലി മരയ്ക്കാറുടെ ജീവിതകഥ ആസ്പദമാക്കിയ ചിത്രമൊരുക്കിയത് പ്രിയദർശനാണ്.

സിനിമയുടെ ടീസറിൽ നിന്നു കുഞ്ഞാലിമരയ്ക്കാറുടെ ജീവിതവും കാലവും വളച്ചൊടിച്ചുള്ള ചിത്രീകരണമാണെന്നു വ്യക്തമാണെന്നും മരയ്ക്കാർ കുടുംബത്തെ അപകീർത്തിപ്പെടുത്തുന്ന സിനിമയാണിതെന്നും ഹർജിയിൽ ആരോപിക്കുന്നു.

# പോപ്പുലർ ഫിനാൻസ് തട്ടിപ്പ്: പ്രതികളുടെ സ്വത്തുക്കൾ ഇഡി കണ്ടുകെട്ടി

കൊച്ചി: പോപ്പുലർ ഫിനാൻസ് തട്ടിപ്പ് കേസിലെ പ്രതികളുടെ 31 കോടി രൂപയുടെ സ്വത്തുക്കൾ എൻഫോഴ്സമെൻറ് ഡയറക്ടറേറ്റ് (ഇഡി) കണ്ടുകെട്ടി. കേരളം, തമിഴ്നാട്, ആന്ധ്ര എന്നിവിടങ്ങളിലെ പോപ്പുലർ ഗ്രൂപ്പിൻറെ കെട്ടിടങ്ങളും ഭൂമിയും 10 ആഡംബര കാറുകളുമുൾപ്പെടെയുള്ള സ്വത്തുക്കളാണ് കണ്ടുകെട്ടിയത്. കാറുകളുടെ മൂല്യം രണ്ടു കോടി രൂപയാണ്. വിവിധ സ്ഥാപനങ്ങളിൽ സൂക്ഷിച്ച സ്വർണവും ഇതിൽപ്പെടും. 14 കോടി രൂപയാണ് സ്വർണത്തിൻറെ മതിപ്പുവില. ബാങ്കിലുള്ള സ്ഥിരനിക്ഷേപങ്ങളും ചേർത്താണ് 31 കോടി രൂപ ഇഡി കണ്ടുകെട്ടിയിരിക്കുന്നത്. 2,000 കോടിയോളം രൂപയുടെ ഇടപാടുകൾ പോപ്പുലർ ഗ്രൂപ്പ് നടത്തിയിരിക്കുന്നതായാണ് ഇഡിയുടെ കണ്ടെത്തൽ. രാജ്യത്താകമാനം 270 ബ്രാഞ്ചുകളിലാണ് ക്രമക്കേട് നടത്തിയിട്ടുള്ളത്. 1600ലധികം പേരിൽനിന്നായി സ്വർണവും പണവും വാങ്ങിയിട്ടുണ്ട്.

തട്ടിപ്പുമായി ബന്ധപ്പെട്ട സുപ്രധാന രേഖകളുടെ പകർപ്പും ഇലക്ട്രോണിക് തെളിവുകൾ, സാമ്പത്തിക ഇടപാടുകൾ, ഭൂമി ക്രയവിക്രയങ്ങൾ, നിലവിൽ കൈവശമുള്ള ഭൂമിയുടെ വിവരം, മറ്റ് ആസ്തികൾ എന്നിവയുടെ തെളിവുകളും പരിശോധിച്ചാണ് സുപ്രധാന നടപടി ഇഡി കൈക്കൊണ്ടത്. ഓഗസ്റ്റ് ഒമ്പതിനാണ് പോപ്പുലർ ഫിനാൻസ് തട്ടിപ്പ് കേസിലെ പ്രതികളായ എംഡി തോമസ് ഡാനിയേലിനെയും മകൾ റീനു മറിയെയും ഇഡി അറസ്റ്റ് ചെയ്തത്. ചോദ്യം ചെയ്യാനായി വിളിച്ചുവരുത്തിയ ശേഷം ഇവരെ അറസ്റ്റ് ചെയ്യുകയായിരുന്നു

# സ്പെഷ്യൽ സ്കൂൾ അധ്യാപകരാവാൻ അവസരം

കേരള സർക്കാരിന്റെ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പാങ്ങപ്പാറ എസ്.ഐ.എം.സി റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇൻഡ്യയുടെ അംഗീകാരത്തോടെ നടത്തുന്ന ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരെ തൊഴിൽ പരിശീലിപ്പിക്കുന്ന അധ്യാപക പരിശീലന കോഴ്സായ ഡിപ്ലോമ ഇൻ വൊക്കേഷണൽ റീഹാബിലിറ്റേഷനിലേക്ക് (ഇന്റലക്ചൽ ഡിസെബിലിറ്റി) അപേക്ഷിക്കാം. 50 ശതമാനം മാർക്കോടെ പ്ലസ് ടു ജയിച്ചിരിക്കണം. നിലവിലുള്ള സംവരണ മാനദണ്ഡങ്ങൾ പാലിച്ചായിരിക്കും പ്രവേശനം. പൂരിപ്പിച്ച അപേക്ഷകൾ സെപ്റ്റംബർ 30ന് മുമ്പ് എസ്.ഐ.എം.സി ഓഫീസിൽ ലഭിക്കണം. അപേക്ഷ ഫോം ഓഫീസിൽ നിന്ന് ലഭിക്കും. വിശദവിവരങ്ങൾക്ക്: 04712418524, 9383400208.

## കെൽട്രോണിൽ ഫയർ ആന്റ് സേഫ്റ്റി പ്രൊഫഷണൽ ഡിപ്ലോമ കോഴ്സ്

കേരള സർക്കാർ സ്ഥാപനമായ കെൽട്രോണിന്റെ കോഴിക്കോട് ലിങ്ക് റോഡിലുള്ള നോളജ് സെന്ററിൽ ഫയർ ആന്റ് സേഫ്റ്റി പ്രൊഫഷണൽ ഡിപ്ലോമ കോഴ്സ് പഠിക്കാൻ അവസരം. കെൽട്രോണിന്റെ സർട്ടിഫിക്കറ്റും മികച്ച പഠന പരിശീലനവും ഉറപ്പാക്കുന്ന ഒരു വർഷം കാലാവധിയുള്ള കോഴ്സിലേക്ക് എസ് എസ് എൽ സി യോഗ്യതയുള്ള വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: 9526871584.

## പങ്കാളിത്ത പെൻഷൻ: അനുമതിയില്ലാതെ ഉത്തരവിറക്കരുത്

പങ്കാളിത്ത പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ധനകാര്യ വകുപ്പിലെ വിവിധ സെക്ഷനുകളോ ഭരണവകുപ്പുകളോ വകുപ്പ് തലവൻമാരോ ഓഫീസ്, സ്ഥാപന മേധാവികളോ സ്വന്തം നിലയിൽ ഉത്തരവിറക്കരുതെന്ന് ധനകാര്യ വകുപ്പ് സർക്കുലറിറക്കി. ഉത്തരവിറക്കുകയോ തീരുമാനം എടുക്കുകയോ നടപടി സ്വീകരിക്കുകയോ ചെയ്യുന്നതിന് മുമ്പ് ധനകാര്യ (പെൻഷൻ എ) വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരം സാഹചര്യത്തിൽ പ്രൊപ്പോസൽ അനുബന്ധ രേഖകൾ സഹിതം ഭരണവകുപ്പ് മുഖേന മാത്രമേ ലഭ്യമാക്കാവൂ എന്നും സർക്കുലറിൽ വ്യക്തമാക്കുന്നു.

# ലക്ഷദ്വീപ്: മാംസാഹാരം ഒഴിവാക്കാനുള്ള തീരുമാനത്തിനെതിരായ ഹർജി തള്ളി

കൊച്ചി: ലക്ഷദ്വീപിലെ ഡയറി ഫാമുകൾ അടച്ചു പൂട്ടാനും സ്കൂൾ കുട്ടികൾക്കുള്ള ഉച്ചഭക്ഷണത്തിൽ നിന്നു മാംസാഹാരം ഒഴിവാക്കാനുമുള്ള ഭരണകൂട തീരുമാനത്തിനെതിരെ അഡ്വ. അജ്മൽ അഹമ്മദ് നൽകിയ ഹർജി ഹൈക്കോടതി തള്ളി. ചീഫ് ജസ്റ്റീസ് എസ്. മണികുമാർ, ജസ്റ്റീസ് ഷാജി. പി. ചാലി എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ചാണ് ഹർജിയിൽ വിധി പറഞ്ഞത്.

സ്കൂളുകളിലെ ഉച്ചഭക്ഷണത്തിൽ മാംസം ഉൾപ്പെടുത്തണമെന്ന് നിയമത്തിൽ പറഞ്ഞിട്ടില്ലെന്നു ഹൈക്കോടതി ചൂണ്ടിക്കാട്ടി. യുപി സ്കൂൾ വരെയുള്ള കുട്ടികൾക്കു ഉച്ചഭക്ഷണം നൽകണമെന്ന് നിയമത്തിൽ പറയുമ്പോൾ ലക്ഷദ്വീപിൽ ഹയർ സെക്കൻഡറി ക്ലാസുകളിലുള്ള കുട്ടികൾക്കു വരെ ഉച്ചഭക്ഷണം നൽകുന്നുണ്ടെന്നും ഹൈക്കോടതി വിലയിരുത്തി.

## ജിഎസ്ടിയിൽ ഓൺലൈൻ ഭക്ഷണവും, വിലയേറും; കാൻസർ മരുന്ന് വില കുറയും

ന്യൂഡൽഹി: രാജ്യത്ത് അർബുദ രോഗത്തിനുള്ള മരുന്നുകളുടെ വിലകുറയും. അർബുദത്തിനുള്ള മരുന്നുകളുടെ ജിഎസ്ടി നിരക്ക് പന്ത്രണ്ടിൽനിന്നും അഞ്ച് ശതമാനമാക്കി കുറച്ചു.

ഓൺലൈൻ ഭക്ഷണത്തിനും വില കൂടും. ഭക്ഷണ വിതരണ സേവന ദാതാക്കളായ സ്വിഗ്ഗി, സൊമാറ്റോ അടക്കമുള്ളവരിൽനിന്ന് നികുതി ഈടാക്കും. ഭക്ഷണ വിതരണ സേവനങ്ങൾ (പാഴ്സൽ, വാതിൽപ്പടി സേവനങ്ങൾ) റസ്റ്ററൻറ് സേവനമായി പരിഗണിച്ചാണ് നികുതി ഈടാക്കുന്നത്. അഞ്ച് ശതമാനം ജിഎസ്ടി ഏർപ്പെടുത്താൻ തീരുമാനിച്ചതായാണ് വിവരം. 2022 ജനുവരി ഒന്നു മുതൽ പ്രാബല്യത്തിൽ വരും.

## ജൂനിയർ സിസ്റ്റം അഡ്മിനിസ്ട്രേറ്റർ

ധനകാര്യ വകുപ്പിന്റെ കീഴിലുള്ള സ്പാർക്ക് പി.എം.യുവിൽ ജൂനിയർ സിസ്റ്റം അഡ്മിനിസ്ട്രേറ്റർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. വിദ്യാഭ്യാസ യോഗ്യത, നിബന്ധനകൾ തുടങ്ങിയ വിവരങ്ങൾ ംംം.ശി ളീ.ുമൃസ.ഴീ.ശി ൽ ലഭ്യമാണ്.

## താത്കാലിക ഒഴിവ്

തിരുവനന്തപുരം ജില്ലയിലെ ഒരു സർക്കാർ സ്ഥാപനത്തിൽ അസിസ്റ്റന്റ് പ്രൊഫസർ ഇൻ ജനറൽ മെഡിസിൻ തസ്തികയിൽ പട്ടികജാതി വിഭാഗത്തിന് സംവരണം ചെയ്തിട്ടുള്ള താത്കാലിക ഒഴിവുണ്ട്. പട്ടികജാതിക്കാരുടെ അഭാവത്തിൽ മറ്റു വിഭാഗത്തിലുള്ള ഉദ്യോഗാർഥികളെ പരിഗണിക്കും.

01.01.2021ന് 45 വയസു കവിയാൻ പാടില്ല (നിയമാനുസൃത വയസിളവ് സഹിതം). 1560039100 ആണ് ശമ്പള സ്കെയിൽ. ജനറൽ മെഡിസിൻ പി.ജിയും ടി.സി.എം.സി രജിസ്ട്രേഷനും ഉണ്ടാവണം.

ഉദ്യോഗാർഥികൾ പ്രായം, വിദ്യാഭ്യാസയോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകളുമായി 29നകം ബന്ധപ്പെട്ട പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നേരിട്ട് ഹാജരാകണം. നിലവിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്നവർ ബന്ധപ്പെട്ട മേധാവിയിൽ നിന്നുള്ള എൻ.ഒ.സി. ഹാജരാക്കണം.



നേമം മണ്ഡലത്തിലെ പട്ടയമേളയുടെ ഭാഗമായി ജില്ലാ കളക്ടർ നവ്ജ്യോത് ഖോസ പട്ടയവിതരണം നടത്തുന്നു

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.